

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഒരുമനയൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി6) 1591/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 01/01/2025
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒരുമനയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി6) 1591/2024 തീയ്യതി: 01/01/2025

തൃശ്ശൂർ ജില്ലയിലെ ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-10-2023 മുതൽ 31-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
റഫി ജോൺ	ഡെപ്യൂട്ടി ഡയറക്ടർ	11-11-2024	16-11-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
11-11-2024	16-11-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

മീര ടി., ഓഡിറ്റ് ഓഫീസർ
സിനിലാൽ എം.ജി., ഓഡിറ്റ് ഓഫീസർ
സുമ വി.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ഷീഗ സി.കെ., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
വിജിത സന്തോഷ്	പ്രസിഡന്റ്	01-04-2023	31-03-2024
അനിത രാമൻ	സെക്രട്ടറി	01-04-2023	11-07-2023
സുനിമോൾ	സെക്രട്ടറി	12-07-2023	04-09-2023
ജയന്തി പി.കെ.	സെക്രട്ടറി	05-09-2023	11-09-2023
ശശികുമാർ ആർ.	സെക്രട്ടറി	12-09-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഷബ്ന കെ.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	05-09-2023
ദീപക് എസ്.ആർ.	അസിസ്റ്റന്റ് എഞ്ചിനീയർ	06-09-2023	31-03-2024
രാഗേഷ് പി.ഡി.	വെറ്ററിനറി സർജ്ജൻ	01-04-2023	02-07-2023
സെബി എൻ.ബി.	വെറ്ററിനറി സർജ്ജൻ	03-07-2023	03-10-2023
സിദ്ധാർത്ഥ് ശങ്കർ	വെറ്ററിനറി സർജ്ജൻ	04-10-2023	31-03-2024
വിജീഷ് പി.വി.	കൃഷി ഓഫീസർ	01-04-2023	12-10-2023
രജിന വി.സി.	കൃഷി ഓഫീസർ	13-10-2023	20-03-2024
എമിലി ഐ.ആർ.	കൃഷി ഓഫീസർ	21-03-2024	31-03-2024
ഷിനി പി.എം.	വി ഇ ഒ (ഒരുമനയൂർ സർക്കിൾ)	01-04-2023	16-08-2023
അരുൺ വിജയ്	വി ഇ ഒ (ഒരുമനയൂർ സർക്കിൾ)	17-08-2023	31-03-2024
ഡോ.അനു കെ.എൻ.	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	01-04-2023	31-03-2024
ഡോ. ദിൽസ കെ.ബി.	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2023	01-09-2023
ഡോ.ലിറ്റി ടോം	മെഡിക്കൽ ഓഫീസർ (ആയുർവേദം)	02-09-2023	31-03-2024
ഷീജ പി.ജെ.	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2023	31-03-2024
ഷിനി പി.എം.	വി ഇ ഒ (മുത്തമ്മാവ് സർക്കിൾ)	01-04-2023	16-08-2023
അരുൺ വിജയ്	വി ഇ ഒ (മുത്തമ്മാവ് സർക്കിൾ)	17-08-2023	22-09-2023
രേവതി	വി ഇ ഒ (മുത്തമ്മാവ് സർക്കിൾ)	23-09-2023	02-02-2024
അരുൺ വിജയ്	വി ഇ ഒ (മുത്തമ്മാവ് സർക്കിൾ)	03-02-2024	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	വാർഷികകണക്കിൽ 125000 രൂപയുടെ ചെലവ് ഉൾപ്പെട്ടില്ല	1-1-1
3	തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല	1-1-2
4	ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-3
5	ജേണൽ വൗച്ചർ -അപാകതകൾ	1-1-4
6	കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽ കൂട്ടിയിട്ടില്ല ,അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല	1-1-5
7	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല	1-1-6
8	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-7
9	ബാങ്ക് റീകൺസിലിയേഷൻ അപാകതകൾ	1-1-8
10	വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-9
11	വാർഷിക കണക്ക് പ്രകാരമുള്ള സി.എഫ്.സി.ചെലവ് തുകകളും സുലേഖ ചെലവ് സ്റ്റേറ്റ് മെന്റ് / ഗ്രാന്റ് സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള ആകെ ചെലവ് തുകകളും പൊരുത്തപ്പെടുന്നില്ല	1-1-10
12	ബജറ്റ്	1-2
13	ഫണ്ട് വിനിയോഗം	1-3
14	പദ്ധതി അവലോകനം	1-4
15	തൊഴിലുറപ്പ് പദ്ധതി	1-5
16	ക്ഷേമപദ്ധതികൾ (ഇൻകം ആന്റ് എക്സ്പെൻഡീച്ചർ ഷെഡ്യുൾ I-6 പ്രകാരമുള്ളത്)	1-6
17	ക്യാഷ് പരിശോധന	1-7
18	ആഭ്യന്തര നിയന്ത്രണ സംവിധാനം	1-8
19	അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല	1-9
20	പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ പൂർണ്ണമായി പ്രാബല്യത്തിൽ വരുത്തിയിട്ടില്ല	1-10
21	കെട്ടിടങ്ങളുടെ വാടക ഈടാക്കുന്നതിലെ അപാകങ്ങൾ	1-11
22	GI പോളുകൾ സ്ഥാപിക്കൽ -റീസ്റ്റോറേഷൻ ചാർജും വാർഷിക വാടകയും ഈടാക്കേണ്ടതാണ്	1-12
23	പെർമിറ്റ് ഫീ ഈടാക്കിയതിലെ അപാകങ്ങൾ	1-13
24	RDO അനുമതി ലഭ്യമാക്കാതെ പെർമിറ്റ് അനുവദിച്ചു.	1-14
25	അനധികൃത നിർമ്മാണം ക്രമവൽക്കരിക്കേണ്ടതാണ്	1-15-1
26	സ്കൂൾ കെട്ടിടങ്ങൾ ക്രമവൽക്കരിക്കേണ്ടതാണ്.	1-15-2
27	പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ടർഫിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല	1-16

28	തൊഴിൽ നികുതി അടവാക്കിയിട്ടില്ല	1-17
29	വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.	1-18
30	മരുന്നുകൾ /ഉപകരണങ്ങൾ പൂർണ്ണമായി ലഭ്യമായില്ല	1-19
31	മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കാര്യക്ഷമമായ പുരോഗതിയില്ല. തുടർ നടപടി സ്വീകരിക്കണം.	1-20
32	കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം-തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്	1-21
33	കരാർ കാലാവധിയ്ക്കുള്ളിൽ പൂർത്തീകരിക്കാതിരുന്ന പ്രവൃത്തികളിൽ പിഴ ഈടാക്കിയില്ല. തുടർ നടപടി സ്വീകരിക്കണം.	1-22
34	മരാമത്ത് പ്രവൃത്തികളുടെ കരാർ വ്യവസ്ഥകളിൽ നിയമാനുസൃതവും കാലോചിതവുമായ മാറ്റങ്ങൾ വരുത്തിയിട്ടില്ല.	1-23
35	മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ചെലവു രേഖകൾ ഹാജരാക്കേണ്ടതാണ്.	1-24
36	റോഡ് മാപ്പിംഗ് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.	1-25
37	എം.സി.എഫ്. കെട്ടിട നിർമ്മാണം. അനുബന്ധ സൗകര്യങ്ങൾക്കാവശ്യമായ പ്രവൃത്തികൾഎസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയില്ല.	1-26
38	പെയിന്റിംഗ് പ്രവൃത്തിയ്ക്ക് അധിക നിരക്ക് നൽകി- 10,974രൂപ നിരാകരിക്കുന്നു.	1-27
39	ആസ്തികളിൻമേലുള്ള ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥാവകാശം-നിയമാനുസൃത നടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കണം.	1-28
40	ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിന്റെ വിവരം ലഭ്യമാക്കണം.	1-29
41	ഇ-ടെൻഡർ ഫീ തുക അടവാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല.	1-30
42	പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കിയതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണം.	1-31
43	വെതർ സ്റ്റേഷൻ സ്ഥാപിക്കൽ-സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കണം.	1-32
44	ദുരിതാശ്വാസ നിധി രൂപീകരണം, പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കണം.	1-33
45	സദ്ഭരണ പദ്ധതി -സ്വീകരിച്ച നടപടികൾ ലഭ്യമാക്കണം.	1-34
46	MGNREGA പ്രവൃത്തി-സമാന്തര റോഡ് നിർമ്മാണം-സിമെന്റിന് അധിക നിരക്കിൽ FTO തയ്യാറാക്കി.	1-35
47	യൂണിവേഴ്സിറ്റി അഫിലിയേഷൻ -രേഖകൾ ലഭ്യമാക്കിയിട്ടില്ല-2,49,975 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-36
48	രശിതി/വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല	1-37
49	ഹരിത കർമ്മ സേനക്ക് ഇലക്ട്രിക് വാഹനം വാങ്ങൽ	1-38
50	പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്	1-39
51	കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണ പദ്ധതി	1-40
52	ഭവന നിർമ്മാണം പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.	1-41
53	ഹരിത കർമ്മസേന-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ-അവലോകനം	1-42
ഭാഗം 2		

--- No Records Found ---		
ഭാഗം 3		
1	പെയിന്റിംഗ് പ്രവൃത്തിയ്ക്ക് അധിക നിരക്ക് നൽകി- 10,974രൂപ നിരാകരിക്കുന്നു.	3-1
ഭാഗം 4		
1	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	ഡെപ്പോസിറ്റ് വർക്കിനു തൻവർഷം നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7
8	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷികകണക്കുകളുടെ സംക്ഷിപ്തം	

ഭാഗം –1

പൊതു അവലോകനം

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഒരുമനയൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 31.05.2024 ലെ 1/1 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 10.06.2024 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2 .C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: തൃശ്ശൂർ

തീയതി:19.12.2024

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

1–1–1 വാർഷികകണക്കിൽ 125000 രൂപയുടെ ചെലവ് ഉൾപ്പെട്ടില്ല

110/24 ലൈഫ് ഭവനപദ്ധതി ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ -എസ്.സി എന്ന പ്രൊജക്ട് പ്രകാരം ആകെ ചെലവ് 225000രൂപയാണ്. എന്നാൽ വാർഷികകണക്ക്, സൂലേഖ സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം ആകെ ചെലവ് തുക 100000 രൂപമാത്രമാണ് . 125000 രൂപയുടെ ചെലവ് വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല. ആയത് 2024-25 വർഷം ക്രമീകരിക്കേണ്ടതാണ്.

1–1–2 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

1. മുൻകൂർ തുക നൽകിയത് അനുയോജ്യമായ അഡ്വാൻസ് ശീർഷകത്തിൽ ബുക്ക് ചെയ്തില്ല.
2023-24 വർഷത്തിൽ നടപ്പാക്കിയ വിവിധ പ്രൊജക്ടുകൾ പ്രകാരം , വിവിധ ഏജൻസികൾക്ക് സാമഗ്രികൾ ലഭ്യമാക്കുന്നതിനായി മുൻകൂറായി തുക നൽകിയിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകുമ്പോൾ ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും സാമഗ്രികൾ ലഭിക്കുമ്പോൾ മാത്രം ആയത് ചെലവായി ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം മുൻകൂർ നൽകിയ തുക ചെലവ് / ആസ്തി ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണം താഴെ ചേർക്കുന്നു.

ക്ര.ന	പ്രോജക്ട്	വൌച്ചർ നമ്പർ	ഡെപ്പോസിറ്റ് തുക	ചെലവ് രേഖപ്പെടുത്തിയ ശീർഷകം
1	149/24 Equipments For Palliative Care Units	**42300930/20.01.2024**	17320	251110012 Medical Institution-Alloppathy-Health-Related Activities
2	84/24 Purchase Of Medicine For FHC	**42300874/07.12.2023**	100000	251110008 Medical Institution-Alloppathy-Purchase Of Medicines For Hospitals
3	84/24 Purchase Of Medicine For FHC	**42300929/20.01.2024**	23960	251110008 Medical Institution-Alloppathy-Purchase Of Medicines For Hospitals
4	87/24 Paliative Care	42300977/15.02.2024	110000	251110012 Medical Institution-Alloppathy-Health-Related Activities
5	150/24 Electric Vehicle For Haritha Karmasena	42300725/30.03.2024	349924	414140103 Sanitation And Waste Management-Public Programmes-Vehicles For Disposing

ഇത്തരത്തിൽ തെറ്റായി ബുക്ക് ചെയ്ത, 31.3.2024 വരെ സാമഗ്രികൾ ലഭ്യമാകാത്ത ചെലവ് തുകകൾ 2024-25 സാമ്പത്തിക വർഷത്തിൽ “Prior Period Expenditure” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ/ ഉചിതമായ ആസ്തി ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതും ഇത്തരത്തിലുള്ള അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.
2. മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക റവന്യൂ ചെലവായി രേഖപെടുത്തി.
ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നിർവ്വഹിച്ച 154/24 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്ന പ്രോജക്ട് പ്രകാരം ലാബ് ഉപകരണങ്ങൾ വാങ്ങിയ ചെലവ് തെറ്റായി റവന്യൂ ചെലവായി രേഖപ്പെടുത്തി. വിശദാംശം താഴെ ചേർക്കുന്നു.

വൗച്ചർ/ തീയ്യതി	തുക	ബുക്ക് ചെയ്ത ശീർഷകം
42300709 /28.03.2024	350000	251110012 Medical Institution-Alloppathy-Health-Related Activities
42300731 /31.03.2024	24864	251110012 Medical Institution-Alloppathy-Health-Related Activities
42300715 /29.03.2024	59977	251110012 Medical Institution-Alloppathy-Health-Related Activities
42300712 /28.03.2024	23010	251110012 Medical Institution-Alloppathy-Health-Related Activities
42300711 /28.03.2024	8154	251110012 Medical Institution-Alloppathy-Health-Related Activities
42300730 /31.03.2024	24528	251110012 Medical Institution-Alloppathy-Health-Related Activities

ഇത്തരത്തിൽ തെറ്റായി ബുക്ക് ചെയ്ത ചെലവ് തുകകൾ 2024-25 സാമ്പത്തിക വർഷത്തിൽ “Prior Period Expenditure” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ഉചിതമായ ആസ്തി ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്.കൂടാതെ മേൽ പരാമർശിച്ച മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾക്ക് തത്തുല്യമായ തുക “Prior Period Income ” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ “Capital Contribution” ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

1-1-3 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4 ൽ കാണുന്നില്ല.

ക്രമ നമ്പർ	ശീർഷകം	ബാങ്ക് അക്കൗണ്ട്	തുക
1	450210101	SIB Current Old CFC-(0168073000000208)	1058
2	450210101	SBT Chavakkad (123)	200
3	450210102	Other Co-Operative Bank(310)	300

മേൽ പരാമർശിച്ച അക്കൗണ്ടിലെ തുകകൾ 2024-25 വർഷത്തിൽ സ്ഥാപനത്തിന്റെ ബാധ്യതയായി ക്രമീകരിക്കേണ്ടതാണ്.

1-1-4 ജേണൽ വൗച്ചർ -അപാകതകൾ

1. **Prior Period Item -അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല.**

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18,ഐ-19) പ്രകാരം “190000000-Prior Period Income”, “290000000- Prior Period Expenses” ,എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന

വർക്കിംഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-19,I-18)	31/3/2024 ലെ ലെഡ്ജർ ബാക്കി
190100101 -Prior Period Income-Property Tax	-41770
190200101 -Prior Period Income-Rent From Building	6713
190200101 -Prior Period Income-Other Income	64473
290800201 – Prior Period Expenses - Administrative Expenses	571650

2. **ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.**

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്കിംഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്,കുടിശ്ശിക പിരിവ്,കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല.

1-1-5 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽ കൂട്ടിയിട്ടില്ല ,അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല

1. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ മൂന്ന് വർഷത്തിലധികമായ ഡെപ്പോസിറ്റ് തുകകൾ അവശേഷിക്കുന്നതായി കാണുന്നു. വിവരങ്ങൾ താഴെ ചേർക്കുന്നു.

ശീർഷകം	ഇനം	2021-22	2020-21	2019-20	2018-19	2017-18	2016-17	2015-16
340100101	Contractors EMD	900	--	--	--	7500	---	7200
340100102	Suppliers EMD	--	--	6750	4875	4875	----	2500
340100201	Contractors SD	--	--	3900	2500			
340100202	Suppliers Security Deposit	--	--	--	--	1875	3500	
340100301	Contractors Retention	3882	27431	20616	--	4327	--	--
340100203	Bidders Security Deposit	20500	--	--	--	--	--	--
340100103	Bidders EMD	5000	--	2500	----	--	10250	---
340200106	Deposit Received For	--	--	2000	--	--	--	--

	Halls &Auditoriums							
340100303	Election Deposit	--	26000	--	--	--	--	--

കേരള ഫിനാൽഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282 (5)(സി)(ഡി) പ്രകാരം മൂന്ന് വർഷത്തിലധികം അവകാശപ്പെടാത്ത ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുണ്ട്. മുകളിൽ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റുകൾ പരിശോധിച്ച് മൂന്നു വർഷത്തിലധികമായി അവകാശപ്പെടാത്ത ഡെപ്പോസിറ്റുകൾ കണ്ടെത്തി ആയത് മുതൽ കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. ശീർഷകം 460100199 –Other Advances എന്ന ഇനത്തിൽ 2019-20 വർഷം മുൻകൂർ നൽകിയ 27250/- രൂപയും 2020-21 വർഷം മുൻകൂർ നൽകിയ 16896/- രൂപയും ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. മുൻകൂറുകളുടെ നിജസ്ഥിതി പരിശോധിച്ച് പൂർത്തിയായ പ്രൊജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും തുക തിരികെ ലഭിക്കാനുണ്ടെങ്കിൽ ആയത് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

1-1-6 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 525800 രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -250262 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല. (കുറിപ്പ്: എയിംസ് സോഫ്റ്റ്വെയറിൽ സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് തെറ്റായതിനാൽ സെക്രട്ടറിയുടെ ഒപ്പ് രേഖപ്പെടുത്തി ലഭ്യമാക്കിയ കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്.)

1-1-7 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

1-1-8 ബാങ്ക് റീകൺസിലിയേഷൻ അപാകതകൾ

1. താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ നടത്തിയിട്ടില്ല.

ക്രമ നമ്പർ	ശീർഷകം	ബാങ്ക് അക്കൗണ്ട്	തുക
1	450210101	SIB Current Old CFC-(0168073000000208)	1058
2	450210101	SBT Chavakkad (123)	200
3	450210102	Other Co-Operative Bank(310)	300

2. STATE BANK OF INDIA EPAYMENT CHAVAKKAD(37258139718) അക്കൗണ്ടിലെ ഡെബിറ്റ് തുക 7933 രൂപ "Directly Debited By Bank" എന്ന ഇനത്തിൽ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൌണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി

സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2023-24 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

1-1-9 വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല

1. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1.1 തൻവർഷം

1.1.1 റെസിഡൻഷ്യൽ

	കളക്ഷൻ
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	1500368
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	1533479 (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45)

1.1.2 നോൺ-റെസിഡൻഷ്യൽ

	കളക്ഷൻ
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	1194122
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	1149364 (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45)

1.2 കുടിശ്ശിക

1.2.1 റെസിഡൻഷ്യൽ

	ഡിമാന്റ്
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	3423
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം *	0* (2022-23 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

1.2.2 നോൺ-റെസിഡൻഷ്യൽ

	ഡിമാന്റ്
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	2222
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം *	0 (2022-23 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

1.3 ലൈബ്രറി സെസ്സ്

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ വാർഷിക കണക്ക് പ്രകാരവും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരവും കളക്ഷൻ 136102 രൂപയാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/Levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് 136907 രൂപയാണ്.

(വൗച്ചർ നം.42300756,42300757,42300758,42300764,42300765,42300766തീ.31.3.2024 (168+75874+523+111+59949+282=136907)

1.4 വസ്തു നികുതി--സർവീസ് സെസ്സ്-വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

		ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	റെസിഡൻഷ്യൽ	75881	75729	523	0
	നോൺ-റെസിഡൻഷ്യൽ	59630	59576	278	0
	ആകെ	135511	135305	801	0
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം		75788	120664	523	0
		(ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	(350410105-Advance Collection-Service Cess On Property Tax-ന്റെ ലെഡ്ജർ)	(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

2. തൊഴിൽ നികുതി (ജീവനക്കാർ) ഡി.സി.ബി വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

	ഡിമാന്റ്	കളക്ഷൻ	ബാക്കി
രജിസ്റ്റർ പ്രകാരം	756140	741140	15000
വാർഷികകണക്ക് പ്രകാരം	741140	741140	0

1-1-10 വാർഷിക കണക്ക് പ്രകാരമുള്ള സി.എഫ്.സി.ചെലവ് തുകകളും സുലേഖ ചെലവ് സ്റ്റേറ്റ് മെന്റ് / ഗ്രാന്റ് സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള ആകെ ചെലവ് തുകകളും പൊരുത്തപ്പെടുന്നില്ല

1. സി.എഫ്.സി. ഫണ്ടിന്റെ വാർഷികകണക്ക് പ്രകാരമുള്ള ചെലവും ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/സുലേഖ ചെലവ്പത്രിക എന്നിവ പ്രകാരമുള്ള ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നു.വിശദവിവരം താഴെ ചേർക്കുന്നു.

ഫണ്ടിനം	വാർഷികകണക്ക് പ്രകാരം ചെലവ്	ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/ സുലേഖ ചെലവ്പത്രിക

		പ്രകാരമുള്ള ചെലവ്
സി.എഫ്.സി. ടൈഡ്	1721291	1741516
സി.എഫ്.സി. അൺടൈഡ്	1299721	1295214

2. 320200113-സി.എഫ്.സി. ടൈഡ് ലെഡ്ജർ പ്രകാരം ആകെ ചെലവ് 1786900 രൂപയാണ്. ആയതിൽ 65609 രൂപ യുടെ ചെലവ് മുൻവർഷത്തിലേതാണ്. ആയത് തൻവർഷത്തിൽ 'Prior Period Expense' ആയി ക്രമീകരിച്ചിട്ടുള്ളതാണ്. മേൽ ചെലവിൽ 21460 രൂപ 'Contractors Retention' ഇനത്തിലുള്ളതാണ്. 1235 രൂപ 'Excess Payment' ആണ്.

3. സി.എഫ്.സി. അൺടൈഡ് ഫണ്ടിലെ 4507 രൂപയുടെ ചെലവ് ഇൻകം ടാക്സ് ഇനത്തിലുള്ളതാണ്.

2024-25 വർഷം ചെലവുകൾ അതത് ശീർഷകങ്ങളിലേക്ക് ക്രമീകരിക്കേണ്ടതാണ്.

1-2 ബജറ്റ്

.

പാസ്സാക്കിയ തിയതി	18.03.2023	
കമ്മിറ്റി തീരുമാനം		
പ്രതീക്ഷിത വരവ്, ചെലവ് എന്നിവ	വരവ്	ചെലവ്
	118598000	118411000
റിവൈസ്ഡ് ബജറ്റ്		
പാസ്സാക്കിയ തിയതി	9.2.24	
കമ്മിറ്റി തീരുമാനം	1(1)	
പ്രതീക്ഷിത വരവ്, ചെലവ് എന്നിവ	വരവ്	ചെലവ്
	120088000	117486000

1-3 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	ലാപ്സായ തുക*/ നീക്കിയിരിപ്പ്**
വികസന ഫണ്ട്-ജനറൽ	0	7818000	7818000	5978946	1839054*
വികസന ഫണ്ട്-എസ്.സി.പി	0	3773000	3773000	2642218	1130782*
മെയിന്റനൻസ്, റോഡ്	0	3376650	3376650	2208521	1168129*
മെയിന്റനൻസ്, നോൺ-റോഡ്	0	2917400	2917400	2903692	13708*
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ്	2050466	971000	3021466	1786900	1234566

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ബേസിക്	441199	1364326	1805525	1295214	510311
സാക്ഷരത	6400	8537	14937	8297	6640
ടി.എസ്.സി	1049	0	1049	0	1049
ഐ.സി.ഡി.എസ്	172212	739775	911987	255715	656272
Grant From Suchitwa Mission	283000	1828392	2111392	1828392	283000
Health Grant - Diagnostic InfraStructure To The PHCs	2363	642304	644667	490533	154134
Health Grant - Wellness Centres	785	286296	287081	102100	184981
Grants, Funds - Other Government Agencies	187191	0	187191	0	187191
Other Financial Agencies	0	1332200	1332200	0	1332200
Awards &Honours	370872	0	370872	0	370872
Integrated Housing&Slum Development	0	983	983	0	983
Other Schemes	0	54066	54066	2889	51177
Flood Relief Grant	0	100000	100000	0	100000

1. സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-എസ്.സി.പി, വികസന ഫണ്ട്- ടി.എസ്.പി എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

2) സി.എഫ്.സി ടൈഡ്, സി.എഫ്.സി അൺടൈഡ് എന്നിവയുടെ മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടില്ല. വരവിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല. സി.എഫ്.സി ടൈഡ്, സി.എഫ്.സി അൺടൈഡ് എന്നിവയുടെ ചെലവ് തുകയും ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ സ്റ്റേറ്റ്മെന്റ് എന്നിവയിലെട ചെലവ് തുകയും പൊരുത്തപ്പെടുന്നില്ല. ആയതിന്റെ വിശദ വിവരം ഖ.1-1-10 ൽ പരാമർശിച്ചിട്ടുണ്ട്.

മേൽഅപാകതകൾ പരിഹരിച്ച് വാർഷിക കണക്ക് പ്രകാരമുള്ള ഗ്രാന്റ് വിനിയോഗവിവരങ്ങളാണ് ഈ ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1-4 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	അംഗീകരിച്ച പദ്ധതി അടങ്കൽ തുക	നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കിയ പദ്ധതി ചെലവ് തുക	നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം	നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിൻറെ ശതമാനം

135	62846416	82	24426592	38.86	60.74

1–5 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	0	19268	19268	10557	8711
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്+ മെറ്റീരിയൽ കോസ്റ്റ്		5667800	5667800	5667800	0
ആകെ	0	5687068	5687068	5678357	8711

1–6 ക്ഷേമപദ്ധതികൾ (ഇൻകം ആന്റ് എക്സ്പെൻഡീച്ചർ ഷെഡ്യൂൾ I–6 പ്രകാരമുള്ളത്)

പദ്ധതിയുടെ പേര്	ചെലവുതുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	718400	61
വിധവാ പെൻഷൻ	7416500	646
വാർദ്ധക്യകാല പെൻഷൻ	10420700	943
വികലാംഗ പെൻഷൻ	1660700	144
50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	369600	34
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	30000	1

1–7 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.11.2024 തീയതിയിൽ 3.30 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 50729/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1–8 ആഭ്യന്തര നിയന്ത്രണ സംവിധാനം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

1–9 അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 207(1)ബിഎ പ്രകാരം സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർസെക്കണ്ടറി തലം വരെയുള്ളതുമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങൾക്കും നൽകിയിരുന്ന വസ്തുനികുതി ഇളവ്, 2023 ലെ 18-ാം ആക്ട് പ്രകാരം 01.04.2023 തീയതി പ്രാബല്യത്തിൽ നീക്കംചെയ്തിട്ടുണ്ട്(28.03.2023 ലെ നമ്പർ 15(2)/ലെജി.എ2/2023/നിയമം). ആയതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ സൂചിപ്പിച്ചിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കേണ്ടതാണ്. ആയത് ഈടാക്കിയിട്ടില്ല .

ക്രമ നമ്പർ	വാർഡ്നമ്പർ/ കെട്ടിട നമ്പർ	സ്ഥാപനത്തിന്റെ പേര്	വിസ്തീർണ്ണം (ച.മീ.)
1	2/117	അമൃത വിദ്യാലയം	44.88

2	2/118	അമൃത വിദ്യാലയം	1461.04
3	1/94	IDC സ്കൂൾ	542.65
4	1/191	IDC സ്കൂൾ	60
5	13/263	നാഷണൽ ഹൃദാ സെൻടൽ സ്കൂൾ	41.76

ടി സ്ഥാപനങ്ങളിൽ നിന്നും നിലവിലെ വിസ്തീർണ്ണത്തിനനുസൃതമായി വസ്തു നികുതി ഈടാക്കി ആയതിന്റെ രേഖകൾ സഹിതം ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ :20/15.11.24)

1-10 പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ പൂർണ്ണമായി പ്രാബല്യത്തിൽ വരുത്തിയിട്ടില്ല

സ.ഉ (അച്ചടി) നം 25/2023 ത.സ്വ.ഭ.വ തീയതി 5.04.23 ഉത്തരവ് പ്രകാരം സർക്കാർ 1.04.23 മുതൽ ഗ്രാമ പഞ്ചായത്തുകളിൽ ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ നിർണയിച്ചിട്ടുണ്ട് . ആയതു പ്രകാരം 15.05.2023 തീയതിയിലെ പഞ്ചായത്ത് ഭരണ സമിതി യോഗം 1/1 -ാം നമ്പർ തീരുമാന പ്രകാരം ഒരു ചതുരശ്ര മീറ്റർ വിസ്തീർണത്തിനു ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ നിന്ന് 2023-24 സാമ്പത്തിക വർഷത്തിൽ നമ്പർ നൽകിയിട്ടുള്ള പുതിയ കെട്ടിടങ്ങൾക്ക് ഈ പുതിയ നിരക്കുകൾ പ്രകാരമുള്ള വസ്തു നികുതി ഈടാക്കിയിട്ടില്ല . ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2023-24 സാമ്പത്തികവർഷത്തിൽ 96 പുതിയ കെട്ടിടങ്ങൾക്കാണ് നമ്പർ നൽകിയിട്ടുള്ളതെന്നും അതിൽ 52 കെട്ടിടങ്ങൾക്ക് പഴയ നികുതി നിരക്ക് പ്രകാരമാണ് വസ്തു നികുതി ഈടാക്കിയിരിക്കുന്നത് എന്നും IKM ന്റെ സഹായത്തോട് കൂടി ആവശ്യമായ അപ്ഡേഷൻ വരുത്തി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ.ഉ(കൈ)നം.77/2023/ത.സ്വ.ഭ.വ, തീയതി:22.03.2023, സ.ഉ(അ)നം.25/2023/ത.സ്വ.ഭ.വ, തീയതി:5.04.23 എന്നിവക്ക് വിധേയമായി 2023-24 സാമ്പത്തിക വർഷത്തിൽ നമ്പർ നൽകിയ എല്ലാ പുതിയ കെട്ടിടങ്ങൾക്കും പരിഷ്കരിച്ച വസ്തുനികുതി നിരക്ക് പ്രകാരമുള്ള വസ്തുനികുതി ഈടാക്കി ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 21/15.11.24)

1-11 കെട്ടിടങ്ങളുടെ വാടക ഈടാക്കുന്നതിലെ അപാകങ്ങൾ

1.ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ 13/57 നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ 2024 ജനുവരി, ഫെബ്രുവരി, മാർച്ച് എന്നീ മാസങ്ങളിൽ വാടക അടവാക്കിയിട്ടില്ല. 24.12.2021 ആം തീയതി നടന്ന പഞ്ചായത്ത് കമ്മിറ്റി യുടെ 5(17)/21 നമ്പർ തീരുമാന പ്രകാരം വാടകയോടൊപ്പം നിയമാനുസൃത GST കൂടി വാങ്ങേണ്ടതുണ്ട് എന്ന് തീരുമാനിച്ചിട്ടുണ്ട്. ആയത് 3.01.2022 ലെ A5-38/22 നമ്പർ കത്ത് പ്രകാരം അസിസ്റ്റന്റ് മാനേജർ, ചാവക്കാട് ഡിപ്പോ എന്നിവരെ അറിയിച്ചിട്ടുണ്ടെങ്കിലും നാളിതു വരെ GST അടവാക്കി കാണുന്നില്ല. ടി കെട്ടിടത്തിൽ നിന്നും 2024 ജനുവരി, ഫെബ്രുവരി, മാർച്ച് എന്നി മാസങ്ങളിലെ വാടകയും ആയതിന്റെ 18% GST യും ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2.വാടക രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന അക്ഷയ സെന്ററിൽ നിന്നും 2018-19 സാമ്പത്തിക വർഷം മുതൽ 510 രൂപയാണ് പ്രതിമാസ വാടകയായി ഈടാക്കുന്നുന്നത്. നാളിതുവരെ വാടകയിൽ യാതൊരു വർദ്ധനവും വരുത്തിയിട്ടില്ല. വാടകയോടൊപ്പം GST ഈടാക്കേണ്ടതാണ്. ആയത് ഈടാക്കിയിട്ടില്ല .ടി കെട്ടിടത്തിന്റെ വാടക കരാർ ഹാജരാക്കാൻ

ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. വാടക കരാർ പരിശോധിച്ച് ആയതിൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ വാടകയിൽ വർദ്ധനവ് വരുത്തേണ്ടതും ആയതിന്റെ 18% GST ഈടാക്കേണ്ടതുമാണ്. മേൽ നിർദ്ദേശിച്ച രീതിയിൽ വാടക ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ :22/15.11.2024).

1-12 GI പോളുകൾ സ്ഥാപിക്കൽ -റീസ്റ്റോറേഷൻ ചാർജ്ജും വാർഷിക വാടകയും ഈടാക്കേണ്ടതാണ്

റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് നഗരഗ്രാമ പ്രദേശങ്ങളിലൂടനീളം 'ഫൈബർ ടു ദ ഹോം'(FTTH) ശൃംഖകൾ (GI Poles) സ്ഥാപിക്കുന്നതിന് വാടക നിരക്ക് നിശ്ചയിക്കാൻ സർക്കാരിനോട് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് റോഡുകളുടെ വശങ്ങളിൽ GI പോളുകൾ സ്ഥാപിക്കുന്നതിന് 23.01.2020 തീയതിയിലെ സ.ഉ(സാധാ) 89/2020/PWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും തങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകളിൽ റോഡ് കട്ടിംഗ് & റോഡ് റെസ്റ്റോറേഷൻ ചാർജ്ജുകൾ ടെലികോം സേവനദാതാക്കളിൽ നിന്നും ഈടാക്കുമ്പോൾ പൊതുമരാമത്ത് വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള/ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരമുള്ള തുക ഈടാക്കേണ്ടതാണ് എന്ന് 17.07.2021 ലെ ഡി.സി2/110/2021/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. മേൽ സർക്കാർ ഉത്തരവിൽ താഴെ കൊടുത്തിരിക്കുന്ന വ്യവസ്ഥകളോടെ റോഡ് കട്ടിംഗിന് അനുമതി നൽകുന്നതിനുള്ള പൊതുമാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഉപാധികളും നിബന്ധനകളും

TSP/ISP(Telecommunication Service Provider/Internet Service Provider) കമ്പനികൾക്ക് റോഡുകളുടെ വശങ്ങളിൽ GI പോളുകൾ സ്ഥാപിക്കുന്നതിന് ആദ്യം വരുന്നവർക്ക് ആദ്യം സേവനം എന്ന അടിസ്ഥാനത്തിൽ ഇനിപ്പറയുന്ന വ്യവസ്ഥകളിൽ അനുമതി നൽകാവുന്നതാണ്.

- റോഡുകളുടെ റെസ്റ്റോറേഷൻ പ്രവൃത്തികളുടെ ഷെഡ്യൂൾ സഹിതം കട്ടിംഗ് ജോലി ആരംഭിക്കുന്നതിന് രണ്ട് മാസം മുമ്പെങ്കിലും അതത് സേവനദാതാക്കൾ ബന്ധപ്പെട്ടവരെ അറിയിക്കേണ്ടതാണ്.
- ശൃംഖകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിന്, ഓരോ ശൃംഖിനും 360 രൂപ വാർഷിക വാടക സേവനദാതാക്കൾ അടവാക്കേണ്ടതാണ്. ഈ തുക ഓരോ വർഷവും ഓരോ ശൃംഖിനും 5% നിരക്കിൽ വർദ്ധിപ്പിക്കേണ്ടതാണ്. കരാർ ഒപ്പുവച്ച് 5 വർഷത്തിനുശേഷം ഈ കരാർ പുതുക്കേണ്ടതാണ്. റെസ്റ്റോറേഷൻ പ്രവൃത്തികൾക്ക് നിലവിലുള്ള നിരക്കുകൾ പ്രകാരമുള്ള തുകയും കൂടുതൽ നിക്ഷേപമായി വാർഷികവാടകയുടെ 10% തുകയും ബന്ധപ്പെട്ട ഓഫീസിൽ അടവാക്കേണ്ടതാണ്.
- കട്ടിംഗ് ആരംഭിക്കുന്ന തീയതിയും പൂർത്തിയാക്കുന്ന തീയതിയും വ്യക്തമാക്കുന്ന വിശദമായ ഷെഡ്യൂൾ സമർപ്പിക്കണം.
- ഗതാഗതത്തിനഏറ്റവും കുറഞ്ഞ തടസ്സവും പൊതുജനങ്ങൾക്ക് കുറഞ്ഞ ബുദ്ധിമുട്ടും ഉണ്ടാകുന്ന രീതിയിൽ പ്രവൃത്തികൾ നടത്തണം.

ഒരുമനയൂർ ഗ്രാമ പഞ്ചായത്തിൽ മുത്തമ്മാവ് സെന്ററിൽ നിന്നും കിഴക്കോട്ട് കുണ്ടുകടവ് പാലം വരെയുള്ള 0.95 കി.മീ ദൂരം ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതുമായി ബന്ധപ്പെട്ട് 115813 രൂപ 2022-23 സാമ്പത്തിക വർഷത്തിൽ വരവ് വന്നിട്ടുണ്ട്. 11.01.2024 ലെ പഞ്ചായത്തിന്റെ അടിയന്തര യോഗത്തിലെ മിനുട്സ് ലെ 13 ആം നമ്പർ തീരുമാന പ്രകാരം ടി പദ്ധതിയുമായി ബന്ധപ്പെട്ട് ജിയോ ഡിജിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് കൊച്ചി എന്ന സ്ഥാപനം ഹാജരാക്കിയിരുന്ന 839304 രൂപയുടെ ബാങ്ക് ഗ്യാരണ്ടി, ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കൽ പൂർത്തീകരിച്ചതിനെ തുടർന്ന് സ്ഥാപനത്തിന് തിരിച്ചു നൽകുന്നതിനും ബാധ്യത രഹിത സാക്ഷ്യപത്രം അനുവദിക്കുന്നതിനും തീരുമാനിച്ചിരുന്നു.
ടി പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര GI പോളുകളാണ് സ്ഥാപിച്ചിട്ടുള്ളതെന്നും ആയവക്കെല്ലാം റോഡ്

റിസ്റ്റോറേഷൻ ചാർജ് ഈടാക്കിയിട്ടുണ്ടോ എന്നും റെസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കിയ വർക്ക്ഷീറ്റുകളും സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകളും ഹാജരാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.
ടി പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ എല്ലാ റോഡ് കട്ടിങ്ങിനും അനുസൃതമായി റോഡ് റിസ്റ്റോറേഷൻ ചാർജ് ഈടാക്കേണ്ടതും ആയത് ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

ഓരോ ത്രണിനും 360 രൂപ വാർഷിക വാടക സേവനദാതാക്കൾ അടവാക്കേണ്ടതാണ്. ഈ തുക ഓരോ വർഷവും ഓരോ ത്രണിനും 5% നിരക്കിൽ വർദ്ധിപ്പിക്കേണ്ടതാണ്. കരാർ ഒപ്പുവച്ച് 5 വർഷത്തിനുശേഷം ഈ കരാർ പുതുക്കേണ്ടതാണ്. റെസ്റ്റോറേഷൻ പ്രവൃത്തികൾക്ക് നിലവിലുള്ള നിരക്കുകൾ പ്രകാരമുള്ള തുകയും കൂടുതൽ നിക്ഷേപമായി വാർഷികവാടകയുടെ 10% തുകയും ബന്ധപ്പെട്ട ഓഫീസിൽ അടവാക്കേണ്ടതാണ്. വാർഷിക വാടകയും കൂടുതൽ നിക്ഷേപവും ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ :23/15.11.24)

1-13 പെർമിറ്റ് ഫീ ഈടാക്കിയതിലെ അപാകങ്ങൾ

1.ഫയൽ നമ്പർ :274/24 പരിശോധിച്ചതിൽ ശ്രീ രമേഷ് കുമാർ, മുണ്ടന്തറ ഹൌസ്, എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള റീസർവ്വേ നമ്പർ S-11/10-2,S-11/15 ഇൽ ഉള്ള 981 ച.മീ വിസ്തീർണ്ണം ഉള്ള പ്ലോട്ടിൽ നിലവിലുള്ള പാർപ്പിട ഉപയോഗ ക്രമത്തിൽ വരുന്ന കെട്ടിടത്തിന് (കെട്ടിട നമ്പർ 2/208)(203.01ച.മീ) എക്സ്റ്റൻഷൻ (106.31ച.മീ) നിർമ്മിച്ചതുമായി ബന്ധപ്പെട്ട് റെഗുലറൈസേഷൻ ഫീ ഇനത്തിൽ 12932/- രൂപയാണ് അടവാക്കിയിട്ടുള്ളത്.(രസീതി നമ്പർ: 1230102073/24.02.24)

ടി കെട്ടിടത്തിന്റെ ആകെ ബിൽഡ് അപ്പ് ഏരിയ =203.01 ച.മീ+106.31 ച.മീ=309.32 ച.മീ

സർക്കാർ ഉത്തരവ് (കൈ)നം. 85/2023/ത.സ്വ.ഭ.വ **തീയതി 31.03.2023** പ്രകാരം 300 ച.മീ മുകളിൽ വിസ്തീർണ്ണം ഉള്ള പാർപ്പിട ഉപയോഗക്രമത്തിൽ വരുന്ന കെട്ടിടങ്ങൾക്ക് ഒരു ച.മീ ന് 150 രൂപയെന്ന നിരക്കിലാണ് പെർമിറ്റ് ഫീ ഈടാക്കേണ്ടത്.

ഈടാക്കേണ്ട റെഗുലറൈസേഷൻ ഫീ : 106.31x150x2=31893/-

ഈടാക്കിയ റെഗുലറൈസേഷൻ ഫീ :12932 /-

ഈടാക്കിയതിൽ കുറവ്:18961/-
2.ഫയൽനമ്പർ :3345/23 പരിശോധിച്ചതിൽ ഇക്ബാൽ &സാജിത എന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള റീസർവ്വേ നമ്പർ 75/14 ഇൽ ഉള്ള 648 ച.മീ വിസ്തീർണ്ണം ഉള്ള പ്ലോട്ടിൽ 147.52 ച.മീ വിസ്തീർണ്ണം ഉള്ള പാർപ്പിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് പെർമിറ്റ് അനുവദിച്ചതിൽ പെർമിറ്റ് ഫീ ഇനത്തിൽ 2313 രൂപയാണ്അടവാക്കിയിട്ടുള്ളത്.(രസീതിനമ്പർ: 1230100710/30.09.2023).

സർക്കാർ ഉത്തരവ് (കൈ)നം.85/2023/ത.സ്വ.ഭ.വ **തീയതി 31.03.2023 പ്രകാരം** 81-150 ച.മീ വരെ വിസ്തീർണ്ണം ഉള്ള പാർപ്പിട ഉപയോഗക്രമത്തിൽ വരുന്ന കെട്ടിടങ്ങൾക്ക് ഒരു ച.മീ ന് 50 രൂപയെന്ന നിരക്കിലാണ് പെർമിറ്റ് ഫീ ഈടാക്കേണ്ടത്.

ഈടാക്കേണ്ട പെർമിറ്റ് ഫീ : 147.52x50=7376/-

ഈടാക്കിയ പെർമിറ്റ്ഫീ :2313 /-

ഈടാക്കിയതിൽ കുറവ്:5063/-

സ.ഉ (കൈ)നം 97/2024 /ത.സ്വ.ഭ.വ തീയതി 30.07.24 പ്രകാരം സർക്കാർ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസിൽ ഇളവ് നൽകിയിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരമുള്ള പെർമിറ്റ് ഫീ /ക്രമവൽക്കരണ ഫീ ഈടാക്കി ആയതിന്റെ രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടി വ്യക്തികളിൽ നിന്നും തുക

ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.(എൻകവയറി നമ്പർ 24/15.11.24).

1-14 RDO അനുമതി ലഭ്യമാക്കാതെ പെർമിറ്റ് അനുവദിച്ചു.

1.ഫയൽ നമ്പർ 467/24 പരിശോധിച്ചതിൽ ശ്രീ മുഹമ്മദ് ഷഹീർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള റീസർവ്വേ നമ്പർ S-32/5a -7 ഇൽ ഉള്ള 607 ച.മീ വിസ്തീർണ്ണം ഉള്ള പ്ലോട്ടിൽ 530.3 ച.മീ വിസ്തീർണ്ണം ഉള്ള വാണിജ്യ ഉപയോഗക്രമത്തിൽ വരുന്ന കെട്ടിടം നിർമ്മിക്കുന്നതിനായി 14.02.2024 തീയതിയിൽ അപേക്ഷ സമർപ്പിച്ചതിൻ പ്രകാരം 26.06.2024 ഇൽ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്.[പെർമിറ്റ് നമ്പർ :A1-BA (214101)/2024] .ടി സ്ഥലത്തിന്റെ കൈവശ സർട്ടിഫിക്കറ്റ് പ്രകാരം ചാവക്കാട് താലൂക്ക് ഒരുമനയൂർ വില്ലേജിലുള്ള റീസർവ്വേ നമ്പർ S-32/5a -7 ഇൽ ഉള്ള 0.0607 ഹെക്ടർ ഭൂമി നഞ്ചയാണ്. തൃശ്ശൂർ റെവന്യൂ ഡിവിഷൻ ഓഫീസറുടെ ഉത്തരവ് നമ്പർ: ബി 2-11048/2019 തീയതി 05.01.2022 പ്രകാരം 3000 ച.അടി വരെ വിസ്തീർണ്ണം ഉള്ള കെട്ടിടം നിർമ്മിക്കുന്നതിനാണ് അനുമതി നൽകിയിരിക്കുന്നത്. എന്നാൽ ടി കെട്ടിടത്തിന്റെ പെർമിറ്റ് പ്രകാരം കെട്ടിടത്തിന്റെ ആകെ ബിൽഡ് അപ്പ് ഏരിയ 530.3 ച.മീ ആണ്(5706.028 ച.അടി). 2706.028 ച.അടി അനധികൃത നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചതിന്റെ കാരണം ലഭ്യമാക്കുവാൻ നൽകിയ എൻകവയറിക്ക് അനുമതി നൽകിയ വിസ്തീർണ്ണത്തിന് ആനുപാതികമായ തുക സർക്കാരിൽ അടച്ച് ചലാൻ ഹാജരാക്കുന്നതിന് കക്ഷിക്ക് നോട്ടീസ് നൽകുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 3000 ച.അടി വരെ യുള്ള നിർമ്മാണത്തിനാണ് RDO അനുമതി എന്നരിക്കെ 5706.028 ച.അടി നിർമ്മാണത്തിനുള്ള പെർമിറ്റ് അനുവദിച്ചത് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. അനധികൃതവുമായി നിർമ്മിച്ച 2706.028 ച.അടിക്ക്, ഒരു ച.അടിക്ക് 100 രൂപ എന്ന നിരക്കിൽ 2706.028 ച.അടി ക്ക് 270602/- രൂപ അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻകവയറി നമ്പർ :25/15.11.24)

1-15-1 അനധികൃത നിർമ്മാണം ക്രമവൽക്കരിക്കേണ്ടതാണ്

ശ്രീ നവീൻ പ്രേംനസീർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള റീസർവ്വേ നമ്പർ 32/1-7,32/3-3 ൽ ഉള്ള 701 ച.മീ വിസ്തീർണ്ണം ഉള്ള പ്ലോട്ടിൽ നിർമ്മിച്ച വാണിജ്യ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് നമ്പർ അനുവദിച്ചതുമായി ബന്ധപ്പെട്ട് 14.11.2024 തീയതിയിൽ LSGD സാങ്കേതിക വിഭാഗവും ഓഡിറ്റും ചേർന്ന് നടത്തിയ സ്ഥല പരിശോധനയിൽ പ്ലാനിൽ നിന്നും അധികരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നതായി കണ്ടെത്തിയിട്ടുണ്ട്.

1.SC2-4733/23 നമ്പർ ഫയൽ പരിശോധിച്ചതിൽ കെട്ടിടത്തിന് ഗ്രൗണ്ട് ഫ്ളോറിലും ഫസ്റ്റ് ഫ്ലോറിലുമായി ആകെ 529.75 ച.മീ വിസ്തീർണ്ണം ആണ് ഉള്ളത്. എന്നാൽ സ്ഥല പരിശോധനയിൽ ഏകദേശം 258.77 ച.മീ വിസ്തീർണ്ണം ഉള്ള രണ്ടാമത് ഒരു നില കൂടി (സെക്കന്റ് ഫ്ലോർ) നിർമ്മിച്ചതായി കാണാൻ കഴിഞ്ഞു. ടി വിസ്തീർണ്ണം ക്രമവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ട ഓഡിറ്റ് എൻകവയറിക്ക് ടി നിർമ്മാണം ക്രമവൽക്കരിക്കുവാൻ 1.11.24 ന് അപേക്ഷ ലഭ്യമായിട്ടുണ്ട് എന്നും അത് പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ് എന്നും മറുപടി ലഭിച്ചിട്ടുണ്ട്.
കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1)ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തിയ്യതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തിയ്യതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. പുതുതായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് കെട്ടിടം

ക്രമവൽക്കരിക്കുന്നതു വരെ മേൽ ചട്ടപ്രകാരമുള്ള യു.എ നമ്പർ നൽകി വസ്തുനികുതി ഈടാക്കേണ്ടതാണ്. മേല്പറഞ്ഞ വകുപ്പ് പ്രകാരം ടി കെട്ടിടം ക്രമവൽക്കരിച്ച് ആയതിന്റെ രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടം 23 പ്രകാരം കെട്ടിടവും തെരുവിനോട്(NH66) ചേർന്നുള്ള പ്ലോട്ട് അതിരും തമ്മിലുള്ള അകലം 3 മീറ്റർ ഉണ്ടാവേണ്ടതാണ്. എന്നാൽ മുകളിൽ സൂചിപ്പിച്ച കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം ഡിസേബിൾഡ് പാർക്കിംഗ് കാണിച്ചിട്ടുള്ള കെട്ടിടത്തിന്റെ മുൻഭാഗത്ത് പ്ലാനിൽ നിന്നും അധികരിച്ച് ഏകദേശം 28 ച.മീ വിസ്തീർണ്ണത്തിൽ ട്രസ്സ് വർക്ക് ചെയ്ത് ഗ്ലാസ് കൊണ്ട് ചുറ്റും കവർ ചെയ്ത് ആയത് ഷവർ മാക്സ് എന്ന സ്ഥാപനത്തിന്റെ റെസ്റ്റാറന്റ് ആയി ഉപയോഗിച്ചു വരുന്നുണ്ട്. ടി നിർമ്മാണം ഹൈ വേ യിലേക്ക് ചേർന്ന് നിൽക്കുന്നതിനാൽ ടി കെട്ടിടത്തിന് ഹൈ വേയിൽ നിന്നും ലഭ്യമാക്കേണ്ട 3 മീറ്റർ ദൂര പരിധി ലഭിക്കുകയില്ല. ആയതിനാൽ ടി നിർമ്മാണം കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235W പ്രകാരം ക്രമവത്കരിച്ച് ആവശ്യമായ ദൂര പരിധി നിലനിർത്തേണ്ടതാണ്.

(ഓഡിറ്റ് എൻകയറി നമ്പർ - 26/15.10.24)

1-15-2 സ്കൂൾ കെട്ടിടങ്ങൾ ക്രമവൽക്കരിക്കേണ്ടതാണ്.

ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ പരിതിയിൽ പ്രവർത്തിച്ച് വരുന്ന സ്കൂളുകളുടെ നിലവിലുള്ള വിസ്തീർണം സഞ്ചയ സോഫ്ട്വെയർ പ്രകാരമുള്ള വിസ്തീർണ്ണത്തിനെക്കാൾ വളരെ കൂടുതലാണ് . നാഷണൽ ഹൃദാ സ്കൂളിന്റെയും ,അമൃത സ്കൂളിന്റെയും കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനായി 2019 ൽ നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായിട്ടും കെട്ടിടങ്ങൾ ക്രമവൽക്കരിക്കുകയോ UA നമ്പർ നൽകുകയോ ചെയ്തിട്ടില്ല.

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 1/94, 1/191 എന്നി കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന **IDC സ്കൂളിന്റെ** ആകെ വിസ്തീർണ്ണം 602.65 ച.മീ മാത്രമാണ്. എന്നാൽ 14.11.2024 തീയതിയിൽ LSGD സാങ്കേതിക വിഭാഗവും ഓഡിറ്റ് വിഭാഗവും ചേർന്ന് നടത്തിയ സ്ഥലപരിശോധനയിൽ നിലവിൽ പണി പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം 3300 ച.മീ ലും കൂടുതലാണ്. നിലവിൽ നിർമ്മാണ പ്രവർത്തികൾ നടന്നു കൊണ്ടിരിക്കുന്ന ഒരു കെട്ടിടവും സ്കൂൾ കോമ്പൗണ്ടിൽ ഉണ്ട്. ആയതിന്റെ നിലവിലുള്ള വിസ്തീർണ്ണം 300 ച.മീ ലും കൂടുതലാണ്. നാളിതു വരെ ടി കെട്ടിടങ്ങൾ ക്രമവൽക്കരിക്കാനുള്ള ഒരു നടപടികളും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1)ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തിയ്യതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തിയ്യതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. പുതുതായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് കെട്ടിടം ക്രമവൽക്കരിക്കുന്നതു വരെ മേൽ ചട്ടപ്രകാരമുള്ള യു.എ നമ്പർ നൽകി വസ്തുനികുതി ഈടാക്കേണ്ടതാണ്.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന എല്ലാ കെട്ടിടങ്ങളും ക്രമവൽകരിക്കേണ്ടതും ക്രമവൽക്കരിക്കുന്നത് വരെ UA നമ്പർ നൽകി 235AA(1) പ്രകാരമുള്ള നികുതി ഈടാക്കുകയും ചെയ്യേണ്ടതാണ്.

1-16 പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ടർഫിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിനോ എണ്ണത്തിനോ 01.04.2023 മുതൽ ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും ഓരോ വർഷവും നിരക്കുകളിൽ വരുത്തേണ്ട വർദ്ധനവിന്റെ ശതമാനവും സ.ഉ.(അച്ചടി) നം. 25/2023/LSGD തി. 5.04.2023 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

ടി ഉത്തരവ് പ്രകാരം വാണിജ്യ സ്വഭാവത്തോട് കൂടിയ ടർഫുകൾക്ക് ഒരു ചതുരശ്ര മീറ്ററിന് 25 രൂപ മുതൽ 45 രൂപ വരെയുള്ള നിരക്കുകൾ പഞ്ചായത്തിന് ചുമത്താവുന്നതാണ്.ഇതിന്റെ അടിസ്ഥാനത്തിൽ 15.05.2023 തീയതിയിലെ പഞ്ചായത്ത് ഭരണ സമിതി യോഗം 1(1) ആം നമ്പർ തീരുമാന പ്രകാരം ടർഫുകൾക്ക് (വാണിജ്യ സ്വഭാവത്തോട് കൂടിയവ) അടിസ്ഥാന വസ്തു നികുതി നിരക്ക് ഒരു ചതുരശ്ര മീറ്ററിന് 40/- എന്ന് നിശ്ചയിച്ചിട്ടുണ്ട്.

ഒരുമനയൂർ പഞ്ചായത്തിൽ ഒറ്റത്തെങ്ങ് വാർഡിൽ സമക്ക് റെസ്റ്ററന്റിന്റെ പിറകിലായി പ്രവർത്തിച്ചു വരുന്നതായി കാണാൻ കഴിഞ്ഞ ടർഫിന് കെട്ടിട നമ്പർ നൽകി വസ്തു നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(29/16.11.24), വാർഡ് ക്ലാർക്കുമാർക്ക് ആവശ്യമായ നിർദേശങ്ങൾ നൽകി വിവര ശേഖരണം നടത്തി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ടർഫുകൾക്കും കെട്ടിട നമ്പർ നൽകി വസ്തു നികുതി കുടിശ്ശിക സഹിതം ഡിമാൻഡ് ചെയ്ത് ഈടാക്കി ആയതിന്റെ രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1–17 തൊഴിൽ നികുതി അടവാക്കിയിട്ടില്ല

1994ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ വകുപ്പ് 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനത്തിലെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. 2023-24 സാമ്പത്തിക വർഷത്തിൽ ഫാമിലി ഹെൽത്ത് സെന്ററിൽ പതിനാല് സ്ഥിരം ജീവനക്കാരും ഒൻപത് താൽക്കാലിക ജീവനക്കാരും ആണ് ജോലി ചെയ്തിട്ടുള്ളത്. എന്നാൽ 2023-24 രണ്ടാം അർദ്ധവർഷത്തിൽ ഈ സ്ഥാപനത്തിലെ ജീവനക്കാർ ആരും തന്നെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല .ടി സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ആയതിന്റെ രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(എൻക്വയറി നമ്പർ 30/16.11.24)

1–18 വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

ഒരുമനയൂർ ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം നമ്പർ നൽകിയതിന്റെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

ക്രമ നമ്പർ	ഉപയോഗ ക്രമം /വിസ്തീർണ്ണം	എണ്ണം
1	വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റൊറന്റുകൾ, ഷോപ്പുകൾ	600
2	വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റൊറന്റുകൾ,ഷോപ്പുകൾ	20
3	വാണിജ്യാവശ്യത്തിനുള്ള 200 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ	7
4	വാണിജ്യാവശ്യത്തിനുള്ള 200 ചതുരശ്ര മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ	9
5	വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യുവൽ സ്റ്റേഷൻ	6

	ആകെ	642

സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ ആകെ 642 കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യങ്ങൾക്കായി കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2023-24 വർഷം ഫാക്ടറീസ്, ട്രേഡേഴ്സ്, ഓൺഡർപ്രണർഷിപ്പ്, ആക്ടിവിറ്റീസ് ആന്റ് അദർ സർവ്വീസ് ലൈസൻസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചതിൽ ആകെ 166 സ്ഥാപനങ്ങൾ മാത്രമെ വാണിജ്യ ഉപയോഗങ്ങൾക്കായി പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ളൂ. ശേഷിക്കുന്ന 476 കെട്ടിടങ്ങളിൽ ഏതുതരം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമല്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും പഞ്ചായത്ത് പരിധിയിൽ സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലാത്തതാണ് എന്നിരിക്കെ ഇപ്രകാരം സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കു (ഓഡിറ്റ് എൻക്വയറി നമ്പർ 31/16.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. വാണിജ്യാവശ്യത്തിന് നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും നിജസ്ഥിതി പരിശോധിക്കുകയും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ് .

1-19 മരുന്നുകൾ /ഉപകരണങ്ങൾ പൂർണ്ണമായി ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. നിർവ്വഹണോദ്യോഗസ്ഥനായ വിവിധ പ്രൊജക്ടുകൾ മുഖേന കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് മരുന്ന്/ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി തുക കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്ന്/ഉപകരണങ്ങൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. പ്രൊജക്ട് നം. 149/24 പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് ഉപകരണങ്ങൾ
അടങ്കൽ തുക: 270000 ചെലവ് തുക: 17320

മേൽ പ്രൊജക്ട് പ്രകാരം പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് നാല് വീൽ ചെയറുകൾ ലഭ്യമാക്കുന്നതിനായി 17320 രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് താഴെ പറയും പ്രകാരം മുൻകൂർ നൽകിയിട്ടുണ്ട് .
പ്രൊഫോർമ ഇൻവോയ്സ് നം.PRF 3159/തീ.16.01.2024 തുക:17320

ജേണൽ വൗച്ചർ നം.42300930 തീ.20.01.2024 തുക:17320
എന്നാൽ നാല് വീൽ ചെയറുകളും ലഭ്യമായിട്ടില്ല.
2. പ്രൊജക്ട് നം. 84/24 കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ
അടങ്കൽ തുക: 222000 ചെലവ് തുക: 221945
പ്രൊജക്ട് മുഖേന മരുന്നുകൾ വിതരണം ചെയ്യുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് തുക കൈമാറുകയും കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ ലഭ്യമല്ലാത്ത മരുന്നുകൾ നോൺ അവയ്ലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മറ്റ് സ്ഥാപനങ്ങളിൽ നിന്നും വാങ്ങുകയും ചെയ്തിട്ടുണ്ട്. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.
A. ജേണൽ വൗച്ചർ നം.42300874 തീ.17.12.2023 തുക:100000
പ്രൊഫോർമ ഇൻവോയ്സ് നം.PRF2441/തീ. 02.12.2023 തുക: 100000
കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് 100000 രൂപ കൈമാറിയതിൽ 35537 രൂപയുടെ മരുന്ന് താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം ലഭ്യമായിട്ടുണ്ട് .

ക്രമ നം.	ഇൻവോയ്സ് നം.	തീയതി	തുക
1	42228	21.082024	1169
2	18446	29.06.2024	1934
3	15362	21.06.2024	8906
4	50299	07.10.2024	9315
5	50066	05.10.2024	14213

	ആകെ	35537

ബാക്കി 64463 രൂപയുടെ മരുന്നുകൾ ലഭിക്കാനുണ്ട്.

B . പ്രൊഫോർമ ഇൻവോയ്സ് നം.PRF3175/തീ.16.01.2024 തുക:23960

ജേണൽ വൗച്ചർ നം.42300929 തീ.20.10.2024 തുക:23960

മേൽ പ്രകാരം 23960 രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് കൈമാറിയെങ്കിലും മരുന്ന് ലഭ്യമായിട്ടില്ല.

3. പ്രൊജക്ട് നം. 87/24 പാലിയേറ്റീവ് കെയർ

അടങ്കൽ തുക: 750000 ചെലവ് തുക: 685799

മേൽ പ്രൊജക്ട് മുഖേന പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. ആയതിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് മുൻകൂർ നൽകിയ തുകയും ഉൾപ്പെടുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ജേണൽ വൗച്ചർ നം. 42300977 തീ.15.02.2024 തുക:110000

പ്രൊഫോർമ ഇൻവോയ്സ് നം. PRF3669/തീ. 02.02.2024 തുക:110000

കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് 110000 രൂപ കൈമാറിയതിൽ 50734 രൂപയുടെ മരുന്ന് താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം ലഭ്യമായിട്ടുണ്ട് .

ക്രമ നം.	ഇൻവോയ്സ് നം.	തീയതി	തുക
1	36159	07.08.2024	717
2	50716	11.10.2024	1169
3	34582	05.08.2024	1982
4	25619	16.07.2024	46866
	ആകെ		50734

ബാക്കി 59266 രൂപയുടെ മരുന്നുകൾ ലഭിക്കാനുണ്ട്.

കൈമാറിയ തുകക്കുള്ള മരുന്ന് പൂർണ്ണമായും ലഭ്യമാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കാര്യക്ഷമമായ പുരോഗതിയില്ല. തുടർ നടപടി സ്വീകരിക്കണം.

നിർവ്വഹണ ഉദ്യോഗസ്ഥൻ. അസിസ്റ്റന്റ് എഞ്ചിനീയർ.

2023-24വർഷത്തിൽ ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച 35 പദ്ധതികളിൽ ആകെ വകയിരുത്തിയ 1.445 കോടി രൂപയിൽ 17 പദ്ധതികളിലായി 51.38ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. (സുലേഖ സോഫ്റ്റ്വെയർ പത്രിക പ്രകാരം ചെലവ് ശതമാനം 35.5 %).

നിർവ്വഹണം നടത്തിയതിന്റെ വിവരം

പ്രവൃത്തികൾ	പുതിയ പ്രവൃത്തികൾ	സ്പിൽ ഓവർ	ആകെ
എണ്ണം	15	20	35
നടപ്പാക്കിയത്	6	11	17
വകയിരുത്തിയ തുക (സുലേഖ പ്രകാരം)	78,55,203	65,97,746	14452949
ചെലവഴിച്ച തുക	22,21,099	29,16,975	5138074
ശതമാനം	28.27%	44.21 %	35.5%

സമയബന്ധിതമായി പ്രവൃത്തി നടത്തിയിരുന്നുവെങ്കിൽ താഴെ പട്ടിക കോളം 5 ൽ രേഖപ്പെടുത്തിയിരുന്ന തുകകൾ കൂടി ചെലവഴിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിയുമായിരുന്നുവെങ്കിലും മരാമത്ത് പ്രവൃത്തികൾ നടത്തി ബില്ലുകൾ സമർപ്പിക്കാത്തതു മൂലം ഈ തുക നഷ്ടമായിട്ടുണ്ട്.

മരാമത്ത് പ്രവൃത്തികൾക്കായി വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ് എന്നീയിനങ്ങളിൽ വകയിരുത്തിയതും ചെലവഴിച്ചതും, ചെലവഴിക്കാത്തതു മൂലം ലാപ്സായതുമായ തുകകളുടെ വിവരം താഴെ ചേർക്കുന്നു.

ഫണ്ട്	വകയിരുത്തിയത്	ചെലവഴിച്ചത്	ചെലവു ശതമാനം	ചെലവഴിക്കാൻ കഴിയുമായിരുന്നത്.
1	2	3	4	5
വികസന ഫണ്ട്	129500	53576	42	75924
സംരക്ഷണ ഗ്രാന്റ് (റോഡ്)	5926309	2208521	37	1168129
സംരക്ഷണ ഗ്രാന്റ് (റോഡിതരം)	2856660	1540817	54	13708

മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.

വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിലെ സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്ടുകൾ രൂപീകരിക്കുകയും അംഗീകാരം ലഭ്യമാക്കുകയും ചെയ്യുന്നത്. ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കുന്നില്ല. ഇത് ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപെടുത്തുന്നതും ഫണ്ടുകൾ ലാപ്സാവുന്നതിന് കാരണമാവുകയും ചെയ്യുന്നു. പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

സ്പിൽ ഓവർ പ്രോജക്ടുകൾ വീണ്ടും സ്പിൽ ഓവറാകുന്നു.

നടപടി ക്രമങ്ങൾ പൂർത്തിയാക്കി കരാറുകാരനുമായി എഗ്രിമെന്റുവെച്ച് പ്രവൃത്തി സ്ഥലം കൈമാറിയ ശേഷം അനുവദിക്കപ്പെട്ട കാലാവധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തിയാക്കാത്തതു മൂലം പ്രവൃത്തികൾ തുടർ വർഷങ്ങളിൽ സ്പിൽ ഓവറായി മാറുന്നതായി കാണുന്നു. പ്രവർത്തന കലണ്ടർ തയ്യാറാക്കി പ്രവൃത്തികളുടെ പുരോഗതി കൃത്യമായ ഇടവേളകളിൽ നീരീക്ഷിക്കാത്തതും സമയബന്ധിതമായ പൂർത്തീകരണത്തിന് ആവശ്യമായ ഇടപെടൽ ഇല്ലാത്തതും മൂലമാണ് ഇത്തരത്തിൽ സംഭവിക്കാനിടയാകുന്നത്.
01-02-2012ലെ GO(P) 13/2012/PWD കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 പ്രകാരം പരമാവധി ദീർഘിപ്പിച്ചു നൽകുവാൻ കഴിയുന്നത് ഒറിജിനൽ കരാർ കാലാവധിയുടെ (സാങ്കേതികാനുമതി പ്രകാരമുള്ള കാലയളവിന്റെ) 50% മാത്രമാണ്. ഇതിൽ അധികരിക്കുന്ന സംഗതികളിൽ കരാർ റദ്ദു ചെയ്ത് തുടർ നടപടി സ്വീകരിക്കുന്നതിനാണ് മാന്വലിൽ നിർദ്ദേശിച്ചിട്ടുള്ളത്. ഇത്തരത്തിൽ പരമാവധി നീട്ടി നൽകിയ കാലയളവിനു ശേഷം കരാർ സ്വമേധയാ റദ്ദാകുന്നതും കരാറുകാരന് സൈറ്റിൽ പ്രവേശിക്കുന്നതിനും പ്രവൃത്തി തുടർന്ന് നടത്തുന്നതിനും അനുമതി ഇല്ലാത്തതുമാണ്. അത്തരം സാഹചര്യങ്ങളിൽ Compensation For Delay/Liquidated Damages ആയി നഷ്ടപരിഹാര തുക മാന്വലിലെ ഖണ്ഡിക 2116.1 പ്രകാരം ഈടാക്കേണ്ടതാണ്.
02.04.2024 ലെ G.O(Ms) No.21/2024/PWD സ്പഷ്ടീകരണ ഉത്തരവ് പ്രകാരം കരാറുകാരന്റെതായ വിഴ്ച മൂലം പൂർത്തീകരണ കാലയളവിനു ശേഷം (Scheduled Date Of Completion) പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ 0.1% നിരക്കിൽ പരമാവധി 10% തുക ലിക്വിഡേറ്റഡ് ഡാമേജ് ആയി ഈടാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഇത്തരം സംഗതികളിൽ ആയതു പ്രകാരം പിഴ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം2/11.11.24)
അനന്തമായി നീണ്ടുപോകുന്ന സ്പിൽ ഓവർ പ്രവൃത്തികൾക്ക് നിയമാനുസൃതമല്ലാതെ കാലയളവ് നീട്ടി നൽകുന്നത് കരാറുകാർക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ അലംഭാവം ഉണ്ടാകുന്നതിനു കാരണമായേക്കാം എന്നതിനാൽ ഉഭയസമ്മതമായി അംഗീകരിച്ച കരാർവ്യവസ്ഥകളിലെ Penal Provisions പ്രാവർത്തികമാക്കി സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്. ലഭ്യമാവുന്ന ഫണ്ട് ലാപ്സാവാൻ ഇടവരുത്താതെ പൂർണമായും ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്.

1-21 കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം-തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്

താഴെ പട്ടിക 1 പ്രകാരമുള്ള പ്രവൃത്തികളിൽ മാനുവൽ (യന്ത്രങ്ങൾ ഉപയോഗിക്കാതെ മനുഷ്യ വിഭവശേഷി മാത്രം ഉപയോഗപ്പെടുത്തി) ആയി മണ്ണ് നീക്കം ചെയ്തതായി കണക്കാക്കി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. Dozer, Hydraulic Excavator എന്നിവ ഉപയോഗിച്ച് ഈ പ്രവൃത്തികളിൽ മെക്കാനിക്കൽ ആയി തന്നെ പ്രവൃത്തികളിൽ മണ്ണ് നീക്കം ചെയ്യാൻ കഴിയുമെന്നതിനാൽ മാനുവൽ ആയി മണ്ണ് നീക്കം ചെയ്തതായി കണക്കാക്കി ഉയർന്ന നിരക്ക് (MoRD Code 3.5.1) അനുവദിക്കുന്നതിൽ അപാകതയുണ്ട്.

Dozer, Hydraulic Excavator എന്നിവ ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (MoRD Code 3.5.2) ആണ് അനുവദനീയമായിട്ടുള്ളത്. ഇത്തരം പ്രവൃത്തികളിൽ കൂടിയ നിരക്ക് എസ്റ്റിമേറ്റിലുൾപ്പെടുത്തി തുക അനുവദിക്കുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്..

പട്ടിക 1

ക്രമനം.	പദ്ധതി നം.	പേര്	മണ്ണിന്റെ അളവ് (ക്യൂബിക് മീറ്ററിൽ)	നിരക്ക് (ക്യൂബിക് മീറ്ററിൽ)	തുക
1	127/24	ഇല്ലത്തുപള്ളി റോഡ് കാന നിർമ്മാണം വാർഡ് 13	39.433	160	6309
2	129/24	ഇല്ലത്തുപള്ളി റോഡ് കാന നിർമ്മാണം വാർഡ് 12	50.4	160	8065
3	121/24	കോടയിൽ സ്കൂൾ കോടയിൽ റോഡ്-പി.സി ലിങ്ക് റോഡ് കാന നിർമ്മാണം	18.99	160	3038

വാട്ടർ അതോറിറ്റി നടത്തിയ വിവിധ റോഡ് പൈപ്പിടൽ പ്രവൃത്തികളിൽ വിവിധയിടങ്ങളിൽ കുഴിച്ചെടുത്ത് നിക്ഷേപിച്ച മണ്ണിന്റെ അളവ് അസിസ്റ്റന്റ് എഞ്ചിനീയർ മൂല്യ നിർണ്ണയം നടത്തി അടിസ്ഥാന നിരക്ക് നിശ്ചയിച്ചത് താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക. 2

ക്രമ നം.	പേര്	മണ്ണിന്റെ അളവ് (ക്യൂബിക് മീറ്ററിൽ)	നിരക്ക് (ക്യൂബിക് മീറ്ററിൽ)	തുക
1	മാങ്ങോട്ട് ടെമ്പിൾ വാർഡ് 5	258.53	160	41365
2	തങ്ങൾപടി വെസ്റ്റ് വാർഡ് 3	396.1	160	63376
3	മുർഷിദുൽ മദ്രസ റോഡ് വാർഡ് 8	186.3	160	29808

ഇതിൽ പട്ടിക 1 ലെ ക്രമ നമ്പർ 2 , പട്ടിക 2 എന്നിവ പ്രകാരം കുഴിച്ചെടുത്ത മണ്ണ് ലേലം നടത്തിയതിന്റെ വിവരങ്ങൾ ലേല രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ സൂചിപ്പിച്ച വിഷയങ്ങളിൽ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം5/13.11.2024) തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-22 കരാർ കാലാവധിയ്ക്കുള്ളിൽ പൂർത്തീകരിക്കാതിരുന്ന പ്രവൃത്തികളിൽ പിഴ ഈടാക്കിയില്ല. തുടർ നടപടി സ്വീകരിക്കണം.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ താഴെ പട്ടികയിൽ ഉൾപ്പെട്ട ക്രമ നമ്പർ 1 മുതൽ 7വരെ പ്രവൃത്തികൾ കരാർ കാലാവധിയ്ക്കുള്ളിൽ പൂർത്തീകരിക്കാതിരുന്നിട്ടും പിഴ ഈടാക്കിയിട്ടില്ല. പിഴ ഈടാക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ താഴെ ചേർക്കുന്നു.

(1) GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻകഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്.

(2) കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും

കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50 % ൽ അധികരിക്കാവുന്നതല്ല.

(3) തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-08-2018 ലെ എ.സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസക്കാലയളവിന് 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്.

പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വൈകിയ സംഗതികളിൽ കരാറുകാർ നൽകിയ അപേക്ഷ, പിഴയോട് കൂടിയോ അല്ലാതെയോ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള Form 2100 F പ്രകാരമുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശ, ഭരണസമിതി തീരുമാനം എന്നിവ ഇല്ലാത്തതിനാൽ താഴെ കാണും പ്രകാരമുള്ള പ്രവൃത്തികൾക്ക് ഈടാക്കേണ്ടിയിരുന്ന പിഴ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന തുകയുടെ വിവരം താഴെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നമ്പർ/പേര്	ആരംഭിച്ച തിയതി	പൂർത്തീകരിക്കേണ്ട തിയതി	പൂർത്തീകരിച്ചത്	കരാർ കാലയളവ് (മാസം)	കാല താമസം	Agreed PAC	ഈടാക്കേണ്ട പിഴ (ദീർഘിച്ച കാലയളവ് ദിവസം/കരാർ കാലാവധിയുടെ 25% Xകരാർ തുക)x1% ആദ്യ ദീർഘിപ്പിക്കൽ & 2% രണ്ടാം ദീർഘിപ്പിക്കൽ)
1	121/24 കോടയിൽ സ്കൂൾ റോഡ്- പി.സി റോഡ് ലിങ്ക് റോഡ്	30.3.23	29.12.23	26.2.24	9	59 Days	292235	Rs.2554 (59/67.5 ദിവസം X 1/100 X 292235)
2	131/24 വിവിധ അംഗൻ വാടികളുടെ അറ്റകുറ്റപണി	21.3.23	20.9.23	28.3.24	6	6മാസം 7ദിവസം	562015	Rs.16860 (45/45 ദിവസം X 1/100x 562015+ 45/45 ദിവസം X2/100 X562015)
3	128/24 കണ്ണികുത്തി ഒറ്റത്തെങ്ങ് റോഡ്	23.3.23	22.1.24	18.3.24	10	55	259320	Rs.1902 (55/75 ദിവസം X 1/100 X 259320)
4	127/24 ഇല്ലത്തുപള്ളി റോഡ് കാന നിർമ്മാണം വാർഡ് 13	12.2.23	11.12.23	24.3.24	10	103	512450	Rs.8950 75/75ദിവസം X 1/100 X 512450 + 28/75ദിവസം X2/100 X

								512450)
5	126/24 തങ്ങൾപടി കോടയിൽ റോഡ്	22.3.23	21.1.24	20.3.24	10	58	430187	Rs.3327 58/75 ദിവസം X 1/100 X 430187)
6	123/24 കുണ്ടുകടവ് റോഡ് കാനയ്ക്ക് സ്ലാബും റോഡ് റീ ടാറിംഗും.	9.4.23	8.2.24	18.3.24	10	38	444591	Rs.2252 (38/75 ദിവസം X 1/100 X 444591)
ആകെ								35845

ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻകയറി നം.6/13.11.24)

1-23 മരാമത്ത് പ്രവൃത്തികളുടെ കരാർ വ്യവസ്ഥകളിൽ നിയമാനുസൃതവും കാലോചിതവുമായ മാറ്റങ്ങൾ വരുത്തിയിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ ഏർപ്പെട്ട മുഴുവൻ കരാറുകളിലും താഴെ കാണും പ്രകാരം അപാകതകൾ കാണുന്നു.

1. പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല.

2. തദ്ദേശ സ്ഥാപനങ്ങളിൽ 2014-15 മുതൽ CPWD സ്പെസിഫിക്കേഷനെ അടിസ്ഥാനമാക്കിയുള്ള ഡെൽഹി അനാലിസിസ് ഓഫ് റേറ്റ്, ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് എന്നിവ ബാധകമാക്കിയിട്ടുണ്ട്. ഗ്രാമീണ റോഡുകളുടെ പ്രവൃത്തി നിർവ്വഹണത്തിന് MORD സ്പെസിഫിക്കേഷനാണ് നിലവിൽ ഉപയോഗിക്കുന്നത്. എന്നാൽ കരാറിലെ വ്യവസ്ഥ 4 ൽ വരുന്ന നിബന്ധനകൾ കേരള ഡീറ്റെയിൽഡ് സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

3. കരാർ വ്യവസ്ഥ രണ്ടിൽ പ്രവൃത്തി, അംഗീകരിക്കപ്പെട്ട പ്ലാൻ, എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ അനുസരിച്ചും പ്രവൃത്തി വിവര പട്ടിക, പ്രവർത്തന കലണ്ടർ പ്രകാരവുംകരാർ നിരക്കനുസരിച്ചും എഞ്ചിനീയറുടെ നിർദ്ദേശപ്രകാരവും പ്രവൃത്തി പൂർത്തീകരിക്കുമെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രവർത്തന കലണ്ടർ, പ്രവൃത്തി വിവര പട്ടിക എന്നിവ കരാറിന്റെ ഭാഗമാക്കുന്നില്ല.

4. കരാറിലെ 7 വ്യവസ്ഥയിൽ 2012 ലെ പുതുക്കിയ KPWD മാന്വലിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല. പുതുക്കിയ മാന്വൽ പ്രകാരം കരാറുകാരന്റെ വീഴ്ച മൂലമുണ്ടാകുന്ന കാലതാമസത്തിന് 25% സമയം PACയുടെ 1% പിഴയോടും തുടർന്നുള്ള 25% സമയം കാലതാമസത്തിന് 2% പിഴയും പിഴ ചുമത്തി ദീർഘിപ്പിച്ചു നൽകാവുന്നതും ഇത്തരത്തിൽ ദീർഘിപ്പിച്ചു നൽകാവുന്ന പരമാവധി കാലയളവ് 50% ആണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതിനായി കരാറുകാരൻ പൂർത്തീകരണ കാലയളവിന് മുൻപു തന്നെ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ഈ വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തുന്നതിന് പകരമായി മുൻകൂട്ടികാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20% കാലയളവ് ഗ്രേസ് പിരീഡ് ആയി അനുവദിക്കാമെന്നും തുടർന്ന് വരുന്ന 3 മാസത്തേയ്ക്ക് 1% പിഴയും തുടർന്ന് വരുന്ന ഓരോ 3 മാസത്തേക്കും 2% പിഴയും ഈടാക്കണമെന്ന വ്യവസ്ഥയാണ് നിലനിർത്തിയിട്ടുള്ളത്.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് കോടതി വ്യവഹാരങ്ങൾക്കിടയാകുന്ന സാഹചര്യമുണ്ടായാൽ കരാറുകളിലെ നിയമാനുസൃതവും കാലോചിതമല്ലാത്ത രേഖപ്പെടുത്തലുകൾ തദ്ദേശസ്ഥാപനത്തിനെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് ഏർപ്പെടുന്ന കരാറുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-24 മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ചെലവു രേഖകൾ ഹാജരാക്കേണ്ടതാണ്.

താഴെ പറയുന്ന സ്പിൽ ഓവർ പദ്ധതികളുടെ ഫയലുകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും 2023-24 വർഷത്തിൽ നടത്തിയ പ്രവൃത്തികളുടെ പാർട്ട്/ഫൈനൽ ബില്ലുകൾ, പിൻവലിച്ച തുകകളുടെ ട്രഷറി ബില്ലുകൾ, ടി.ഡി.എസ് ചെലാനുകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇക്കാര്യത്തിൽ മറുപടി നൽകുന്നതിനാവശ്യപ്പെട്ട് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം.18/15.11.2024).

ക്രമ നം.	പദ്ധതി നം	പേര്	വകയിരുത്തിയ തുക	ചെലവഴിച്ച തുക	വൗച്ചർ നമ്പർ/തിയതി
1	60/24	സ്ലയിസ്സുകളുടെ പരിപാലനം	4,00,000	203617	42300684/16.03.2024
2	130/24	ദേശീയപാത വികസനത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെടുന്ന വസ്തുവഹകൾ പൊളിച്ചു മാറ്റുന്നതിനും മാറ്റി സ്ഥാപിക്കുന്നതിനും	79500	53576	42300848/27.10.2023
3	125/24	വിവിധ വാർഡുകളിൽ സ്ലയിസ് പരിപാലനം	214250	45188	42300529/22.12.2023
4	65/24	34ാം നമ്പർ അംഗൻവാടിയുടെ മുകൾഭാഗം മെയിന്റനൻസ് വാർഡ് 10	450000	191329	42300994/02.03.2024 തുക.96747 42300992/06.03.2024 തുക.94582
ആകെ			1143750	493710	

ഒട്ടു മിക്ക മരാമത്ത് പ്രവൃത്തി ഫയലുകളിലും എസ്റ്റിമേറ്റ് റിപ്പോർട്ട്, ഇൻഷൂറൻസ് രേഖകൾ, First Tier Quality Test റിപ്പോർട്ടുകൾ, സാങ്കേതികാനുമതി, LOA(Selection Notice In The Form Of Letter Of Acceptance) മോണിറ്ററിംഗ് റിപ്പോർട്ട് എന്നിങ്ങനെ വിവിധ രേഖകൾ സൂക്ഷിച്ചിട്ടില്ല. ഇൻഷൂറൻസ്, ടെസ്റ്റ് റിപ്പോർട്ടുകൾ എന്നിവ പ്രൈസ് സോഫ്റ്റ്വെയറിലും അപ്ലോഡ് ചെയ്തിട്ടുള്ളതായി കാണുന്നില്ല. മരാമത്ത് ഫയലുകളിൽ ആവശ്യമായ രേഖകൾ ഉൾപ്പെടുത്തി സൂക്ഷിക്കുന്നതിനും പ്രൈസ് സോഫ്റ്റ്വെയറിൽ അറ്റാച്ച് ചെയ്യുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച ചെലവു രേഖകൾ ഹാജരാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-25 റോഡ് മാപ്പിംഗ് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

R Track App ലൂടെ റോഡുകളുടെ വിവര ശേഖരണം നടത്തി ഗ്രാമ പഞ്ചായത്തിലെ ആസ്തി റജിസ്റ്റർ കാലികമാക്കുന്നതിന് വാർഡ് ഒന്നിന് 3000 രൂപ നിരക്കിൽ പ്രോജക്ട് തയ്യാറാക്കുന്നതിനും പഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുന്നതിനും തദ്ദേശ ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ചേമ്പറിൽ നടന്ന 20.10.2022 ലെ യോഗം തീരുമാനിച്ചിരിന്നു. മേൽ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ 31.10.2022 ലെ PAN/3173/2021-J1(DP) നമ്പർ സർക്കുലർ പ്രകാരം പ്രോജക്ട് നിർവ്വഹണത്തിന് ത.സ്വ.ഭരണസ്ഥാപനത്തിലുള്ള ആളുകളെ കണ്ടെത്തി ട്രെയിനിംഗ് നൽകുന്നതിനും നവംബർ-1 നകം ഫീൽഡിൽ പ്രവൃത്തി തുടങ്ങാനും നിർദ്ദേശം നൽകിയിരുന്നു. Kerala State Remote Sensing And Environment Centre (KSRSEC) തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ്ഫോമിന്റെയും R Track App ന്റെയും സേവനം പ്രയോജനപ്പെടുത്തി പദ്ധതി നടപ്പാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. **സ്പിൽ ഓവർ** പദ്ധതി നം. 115/24പ്രകാരം റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കിയിരുന്നുവെങ്കിലും പദ്ധതി പൂർത്തീകരിച്ചിട്ടില്ല. സാമ്പത്തിക വർഷത്തിൽ തുക ചെലവഴിച്ചിട്ടില്ല. R Track App വഴി വിവരശേഖരണം, സർവ്വെ, അസിസ്റ്റന്റ് എഞ്ചിനീയറുടെ വെരിഫിക്കേഷൻ എന്നിവ പൂർത്തീകരിച്ചതായി ഇതു സംബന്ധിച്ച അന്വേഷണത്തിന് മറുപടി നൽകിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.2/11.11.2024)

1-26 എം.സി.എഫ്. കെട്ടിട നിർമ്മാണം. അനുബന്ധ സൗകര്യങ്ങൾക്കാവശ്യമായ പ്രവൃത്തികൾഎസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ. അസിസ്റ്റന്റ് സെക്രട്ടറി.

പദ്ധതി നം. 143/24 എം.സി.എഫ് നിർമ്മാണം വകയിരുത്തിയ തുക 30,00,000

ചെലവഴിച്ച തുക9,11,662

പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുമ്പോൾ കേരള പൊതു മരാമത്ത് വകുപ്പ് മാന്വൽ (1601.1.1)പ്രകാരം അവയുടെ പൂർണ്ണമായ പൂർത്തീകരണത്തിന് ആവശ്യമായ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി വിശദമായ എസ്റ്റമേറ്റ് (ഡി.പി.ആർ) റിപ്പോർട്ട് തയ്യാറാക്കണമെന്നും, സർക്കുലർ നം:ഇ2/12509/2016/സി.ഇ/ എൽ.എസ്.ജി.ഡി *19.1.2017 പ്രകാരം കെട്ടിട നിർമ്മാണ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലമ്പിങ്, സാനിട്ടേഷൻ, എന്നി ഘടകങ്ങൾ അതിൽ ഉൾപ്പെടുത്തേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണം നടത്തിയ* എം.സി.എഫ് നിർമ്മാണ പദ്ധതിയിൽ മേൽ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. സാമ്പത്തിക വർഷത്തിൽ പാർട്ട് ബിൽ പ്രകാരംസ്വച്ച ഭാരത് മിഷൻ ഫണ്ടിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം തുക നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ സിവിൽ വർക്കുകൾ പൂർത്തീകരിച്ചതായി ഇതു സംബന്ധിച്ച അന്വേഷണത്തിന് മറുപടി നൽകിയിട്ടുണ്ട്. അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തി കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻകൃയറി നം.8/14.11.2024)

1-27 പെയിന്റിംഗ് പ്രവൃത്തിയ്ക്ക് അധിക നിരക്ക് നൽകി- 10,974രൂപ നിരാകരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ.അസിസ്റ്റന്റ് എഞ്ചിനീയർ
പദ്ധതി നം.67/24 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസ്
വകയിരുത്തിയ തുക. 4,00,000(റോഡിതര സംരക്ഷണ ഗ്രാന്റ്)
ചെലവഴിച്ച തുക. 2,99,222 രൂപ
വൗച്ചർ നം. (1) 42300979/16.2.24 തുക Rs.99,742
(2)42301010/21.2.24 Rs.99494
(3)42301008/22.2.24 Rs.99,986
മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ ഇനം നമ്പർ 1 പ്രകാരം DSR ഡാറ്റ 13.43.1 അനുസരിച്ച് 258.51 ച.മീറ്റർ വിസ്തൃതിയിൽ സിമെന്റ് പ്രൈമർ അടിച്ചതിന് @70.66രൂപ നിരക്കിൽ 18,891രൂപയും, ഇനം 2 പ്രകാരം DSR ഡാറ്റ 13.46.1 പ്രകാരം @193.88 രൂപ നിരക്കിൽ 258.51 ചതുരശ്ര മിറ്റർ എക്സ്റ്റീരിയർ പ്രൈമർ (New Work Two Or More Coats) അടിച്ചതിന് 51,834.01 രൂപയും ഉൾപ്പെടുത്തി പാർട്ട് ബില്ലുകൾ പ്രകാരം കരാറുകാരന് തുക നൽകിയിട്ടുണ്ട്.
DSRഡാറ്റ 13.46.1 ൽ Acryllic Smooth Exterior Including Primer ഉൾപ്പെടുന്നതിനാൽ 13.43.1 പ്രകാരം വീണ്ടും Cement Primer അടിച്ചതിന് തുക നൽകാവുന്നതല്ല. 2018 DSR ഡാറ്റ 13.60.1 (Wall Painting With Acryllic Emulsion Paint Of Approved Brand And Manufacture To Give An Even Shade Two Or More Coat On New Work) പ്രകാരം @151.43 രൂപ നിരക്കിലാണ് അനുവദിക്കാവുന്നത്. ഗ്രാമപഞ്ചായത്തിന്റെ മറ്റു പ്രവൃത്തികളിൽ എല്ലാം തന്നെ ഇത്തരത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. ആയതിനാൽ നിരക്കുകളിലെ വ്യത്യാസം മൂലം അധികം നൽകിയ തുക 10,974രൂപ കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. (193.88-151.43=42.45/ 258.51x42.45=10,973.74) (ഓഡിറ്റ് എൻകൃയറി നം.9/14.11.2024)

1-28 ആസ്തികളിൻമേലുള്ള ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥാവകാശം-നിയമാനുസൃത നടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കണം.

ഒരുമനയൂർ ഗ്രാമപഞ്ചായത്തിലെ പണിക്കവീട്ടിൽ അബ്ദുൾ ഖാദർ ഹാജി മകൻ റെഫീഖ് എന്നയാൾ തൻറെ പിതാവിന്റെ ഉടമസ്ഥതയിലും കൈവശത്തിലുമുള്ള ഒരുമനയൂർ ഗ്രാമപഞ്ചായത്ത് 6-ാംവാർഡ് സർവ്വെ നമ്പർ 191/1ൽ പെട്ട 5.3/4സെൻറ് സ്ഥലത്ത് അവരുടെ അറിവോ സമ്മതമോ കൂടാതെ അനധികൃതമായി റോഡും കാനയും ജില്ലാപഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ഗ്രാമപഞ്ചായത്ത് നിർമ്മിക്കുന്നതിനാൽ ആയത് അടിയന്തിരമായി നിർത്തി വെയ്ക്കുന്നതിനും അല്ലാത്തപക്ഷം സിവിലായും ക്രിമിനലായും നിയമനടപടി സ്വീകരിക്കുമെന്നും കാണിച്ച് അപേക്ഷ സമർപ്പിക്കുകയുണ്ടായി. തുടർന്ന് തർക്കം പരിഹരിക്കുന്നതുവരെ പരാതിയിൽ പറയുന്ന സർവ്വെ നമ്പർ 191/1 ൽപ്പെട്ട അഞ്ചുമുക്കാൽ സെൻറ് സ്ഥലത്ത് നിർമ്മാണ

പ്രവർത്തനങ്ങൾ നിർത്തി വെക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് അസിസ്റ്റൻറ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി 16.12.23ലെ ഭരണ സമിതി 19(1)നമ്പറായി തീരുമാനമെടുത്തതായി കണ്ടു.

പൊതു ആവശ്യങ്ങൾക്കായി പഞ്ചായത്തിന് സൗജന്യമായി ഭൂമി വിട്ടുകിട്ടുന്ന സംഗതികളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെന്നു 2005ലെ കേരള പഞ്ചായത്ത് രാജ്(വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും)ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ 25.09.2020 ലെ ബഹു.ഹൈക്കോടതിയുടെ WP(c)no.13047 Of 2020(E) വിധിന്യായത്തിൽ നിർദ്ദേശിച്ചതു പ്രകാരം 1958 ലെ കേരള ലാന്റ് റിലിംഗ്വിഷ്മെന്റ് നിയമം വകുപ്പ് 4 പ്രകാരമുള്ള RDOയുടെ(Revenue Devisional Officer) ഉത്തരവ് ഇല്ലാതെ പഞ്ചായത്തിന് ഈ ഭൂമിയെ പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്താൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രവൃത്തി നടത്തുന്നതിന് മുൻപായി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിന് പ്രസ്തുത ആസ്തിയുടെ ഭൂഉടമകളിൽ നിന്നും ഭൂമി വിട്ടു നൽകിയതിന്റെ സമ്മതപത്രം, വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, ബഹു.ഹൈക്കോടതി ഉത്തരവ് പ്രകാരമുള്ള RDOയുടെ ഉത്തരവ് എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുൻപായി മേൽ സൂചിപ്പിച്ചതു പ്രകാരമുള്ള രേഖകൾ പരിശോധിച്ച് ആധികാരികത ഉറപ്പ് വരുത്തുന്നതിന് സെക്രട്ടറി ബാധ്യസ്ഥനാണ് എന്നാൽ ഇത്തരത്തിൽ നടപടി സ്വീകരിച്ചതായി കാണുന്നില്ല. (ഓഡിറ്റ് എൻക്വയറി നം.11/15.11.2024)അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-29 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിന്റെ വിവരം ലഭ്യമാക്കണം.

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന് 19.4.22ലെ സ.ഉ.(കൈ)നം.84/2022 ത.സ്വ.ഭ.വ മാർഗ്ഗരേഖ ഖണ്ഡിക6.8ൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയതു പ്രകാരം സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം.10/15.11.2024)

1-30 ഇ-ടെൻഡർ ഫീ തുക അടവാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല.

2023-24 കാലയളവിൽ ഒരുമനയൂർ ഗ്രാമ പഞ്ചായത്തിൽ നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ഇ-ടെൻഡർ ഫീ അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ SBI ചാവക്കാട് ബ്രാഞ്ച് അക്കൗണ്ട് നമ്പർ 38114441038 ൽ 16.11.2024ന് 56,458 രൂപ നീക്കിയിരുപ്പുള്ളതായി കാണുന്നു. 7.12.2018 ന് ആരംഭിച്ച അക്കൗണ്ടിൽ നിന്നും 6.11.21 നു ശേഷം തുക പിൻവലിച്ചതായി കാണുന്നില്ല. നീക്കിയിരുപ്പുള്ള തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.10/15.11.2024)

1-31 പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കിയതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണം.

9.4.22 ലെ സ.ഉ.(കൈ)നം.84/2022/ത.സ്വ.ഭ.വ. പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി മാർഗരേഖ 7.3പ്രകാരം കാലാവസ്ഥാവ്യതിയാനം മൂലം കേരളത്തിൽ അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കടലാക്രമണം മൂലമുള്ള തീരശോഷണം, വരൾച്ച തുടങ്ങിയവയെ പ്രതിരോധിക്കുന്നതിനും അതുമൂലമുള്ള ദുരന്തങ്ങൾ ലഘൂകരിയ്ക്കുന്നതിനും ഓരോ തദ്ദേശ സ്ഥാപനവും കാലാവസ്ഥ വ്യതിയാനത്തിന്റെ ദൃഷ്യവശങ്ങൾ ലഘൂകരിക്കുന്നതിനാവശ്യമായ പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കേണ്ടതാണ് (7.3.1). ഇതിനായി ഭൂപ്രകൃതി, ജന പ്രകൃതി, സാമ്പത്തികവ്യവസ്ഥ എന്നിവ സംബന്ധിച്ച് പൊതു വിവരങ്ങളും കഴിഞ്ഞ ദശാബ്ദത്തിൽ പ്രദേശത്ത് അനുഭവപ്പെടുന്ന കാലാവസ്ഥ വ്യതിയാനവും തന്മൂലം മനുഷ്യരുടെ ജീവിതത്തിലും, ജീവനോപാധികളിലും ഉണ്ടായിട്ടുള്ള മാറ്റങ്ങളും, ഉല്പാദന മേഖലകളിലും ആരോഗ്യ സേവന മേഖലകളിലും ഉണ്ടായ മാറ്റങ്ങളും, പ്രകൃതി വിഭവങ്ങൾ,ജൈവ വൈവിധ്യങ്ങൾ എന്നിവക്കുണ്ടായ മാറ്റങ്ങളും നിരീക്ഷിക്കേണ്ടതുണ്ട് (7.3.2). ജല സംരക്ഷണം, ഹരിത ഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കാൻ, കാർബൺ ബഹിർഗമനം കുറയ്ക്കാൻ, ദുരന്ത ലഘൂകരണം, മേൽ സൂചിപ്പിച്ചവ സംബന്ധിച്ച അവബോധം നൽകൽ, മുന്നൊരുക്ക പ്രവർത്തനങ്ങൾ എന്നിവ ഭാഗമാക്കണം (7.3.3) പദ്ധതി സംബന്ധിച്ച പരിശീലനം കില നൽകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ തീരപ്രദേശങ്ങളിൽ തീരശോഷണം വർദ്ധിച്ചു വരികയും CRZ III പരിധിയിൽ ഉൾപ്പെട്ട

പ്രദേശങ്ങളിൽ താമസിക്കുന്ന പരമ്പരാഗത മത്സ്യതൊഴിലാളികളുടെയും മറ്റും കെട്ടിടങ്ങളും ഭൂമിയും കടലാക്രമണ ഭീഷണി നേരിടുന്ന നിലവിലെ സാഹചര്യത്തിൽ മാർഗ്ഗരേഖയിലെ മേൽ നിർദേശ പ്രകാരം പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കിയതു സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻകൃയറി നം.12/15.11.2024)

1-32 വെതർ സ്റ്റേഷൻ സ്ഥാപിക്കൽ-സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കണം.

28.05.22 ലെ സ.ഉ.(കൈ)നം.115/22/ത.സ്വ.ഭ.വ. ഖണ്ഡിക (7.8.8) പ്രകാരം കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കാനും ദുരന്ത സാധ്യതയും അതിന്റെ കാഠിന്യവും മനസ്സിലാക്കാനും താപനില, മഴയുടെ അളവ്, കാറ്റിന്റെ ഗതി, തുടങ്ങിയവയുടെ വിവര ശേഖരണവും അതിന്റെ അപഗ്രഥനവും നടത്തുന്നതിനുമായി ഓരോ പ്രദേശത്തിന്റെയും ദിനാന്തരീക്ഷ സ്ഥിതി മനസ്സിലാക്കുന്നതിനുള്ള വെതർ സ്റ്റേഷൻ ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഒരെണ്ണമെങ്കിലും സ്ഥാപിക്കണം എന്നും അതിനായി ഇപ്പോൾ ദുരന്ത നിവാരണ അതോറിറ്റി നിർദേശിക്കുന്ന 10x12 മീറ്റർ തുറസ്സായ സ്ഥലം ലഭ്യമാക്കിയാൽ വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാങ്കേതികവിദ്യയും ഫണ്ടും റീ ബിൽഡ് കേരളം ഇനിഷ്യേറ്റീവ് മുഖാന്തിരം ലഭ്യമാക്കുന്നതും അനുയോജ്യമായ സ്ഥലം കണ്ടെത്തി ഭൂമിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കേണ്ടതുമാണ് എന്നും നിർദേശിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.(ഓഡിറ്റ് എൻകൃയറി നം.12/15.11.2024)

1-33 ദുരിതാശ്വാസ നിധി രൂപീകരണം, പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കണം.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർദ്ധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതും കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതുമാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്.
ദുരിതാശ്വാസ നിധി രൂപീകരിച്ചതിന്റെ വിവരങ്ങൾ, ബാങ്ക് അക്കൗണ്ട് നം, ബ്രാഞ്ച്, നീക്കിയിരുപ്പ്, 2023-24 ൽ നിധിയിലേക്ക് ലഭ്യമായതും, ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻകൃയറി നം.12/15.11.2024)

1-34 സദ്ഭരണ പദ്ധതി -സ്വീകരിച്ച നടപടികൾ ലഭ്യമാക്കണം.

9.4.22 ലെ സ.ഉ.(കൈ)നം.84/2022/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതിയിലെ മാർഗരേഖ 6.9 പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഓരോ സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടതാണ് (6.9.1). പൊതു ജനങ്ങളുടെ പരാതികളും തർക്കങ്ങളും പരിഹരിക്കുന്നതിനായി മാസത്തിലെ ആദ്യ ബുധനാഴ്ച ഭരണസമിതി അംഗങ്ങളും ഉദ്യോഗസ്ഥരും പങ്കെടുക്കുന്ന അദാലത്ത് നടത്തി പരിഹാരം കാണേണ്ടതാണ് (6.9,2). സുതാര്യത, ജനപങ്കാളിത്തം എന്നീ തത്വങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സമ്പൂർണ്ണ ഗുണമേന്മ പരിപാലന സംവിധാനം (TOTAL QUALITY MANAGEMENT) കാലികമായി പരിഷ്കരിക്കേണ്ടതാണ് (6.9.3). സദ്ഭരണ തത്വങ്ങൾക്ക് പുറമെ പൗരാവകാശ രേഖ, അറിയുവാനുള്ള അവകാശം, വാതിൽപ്പടി സേവനം എന്നിവ കൂടി പരിഗണിച്ചുകൊണ്ടായിരിക്കണം സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടത് (6.9.6, 6.9.7) എന്ന് മാർഗരേഖ നിർദ്ദേശിക്കുന്നു. സദ്ഭരണ പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻകൃയറി നം.12/15.11.2024)

1-35 MGNREGA പ്രവൃത്തി-സമാന്തര റോഡ് നിർമ്മാണം-സിമെന്റിന് അധിക നിരക്കിൽ FTO തയ്യാറാക്കി.

സമാന്തര റോഡ് കാന നിർമ്മാണം (വർക്ക് കാറ്റഗറി നമ്പർ FP379141) എന്ന പ്രവൃത്തിയിൽ സിമെന്റ് വിതരണം

ചെയ്ത കരാറുകാരന് 6.98ടൺ സിമെന്റിന് 10240/Ton നിരക്കിൽ 71475 രൂപ കണക്കാക്കി FTO പ്രോസസ്സ് ചെയ്തിട്ടുണ്ട്. ഇതു പ്രകാരം 50 Kg സിമെന്റ് പാക്കറ്റിന് 512 രൂപ നിരക്കാണ് കണക്കാക്കിയിട്ടുള്ളത്.

SECURE Softwareലുള്ള സിമെന്റിന്റെ LMR(Local Market Rate)നിരക്ക് യഥാർത്ഥ മാർക്കറ്റ് നിരക്കിനേക്കാൾ ഉയർന്നതായതിനാൽ സിമെന്റ് ഉപയോഗിക്കുന്ന MGNREGA യുടെ മെറ്റീരിയൽ പ്രവൃത്തികളിൽ SECURE സോഫ്റ്റ്വെയറിലുൾപ്പെട്ട നിരക്ക് നൽകാൻ പാടില്ലായെന്നും യഥാർത്ഥ മാർക്കറ്റ് വില മാത്രമേ നൽകാവൂ എന്നും ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022 തീയതിയിലെ OMB/ALP/AW20/2022 നമ്പർ അവാർഡിന്റെ അടിസ്ഥാനത്തിൽ മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) മിഷൻ ഡയറക്ടറുടെ 17.08.2022 തീയതിയിലെ No. NREGA/724/2022-A3 കത്തു പ്രകാരം എല്ലാ ജില്ലാ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു പ്രകാരം മാത്രമേ FTO Generate ചെയ്യാൻ പാടുള്ളൂ എന്നും കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. 30.3.12 ലെ സ.ഉ(കൈ) നം.93/2012/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികളിൽ സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ ഉത്തരവാദിത്തമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സിമെന്റ് ഒരു Packed Commodity ആയതിനാൽ പാക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള പരമാവധി വിലയിൽ (Maximum Retail Price) കൂടുതൽ തുക നൽകുന്നതിന് നിയമം അനുവദിക്കുന്നില്ല. ജി.എസ്.ടി ഉൾപ്പെടെ 50 Kg സിമെന്റ് പായ്ക്കറ്റിന് 312മുതൽ 400 രൂപ വരെ നൽകിയ ജി.എസ്.ടി ബില്ലുകൾ കരാറുകാരൻ ഹാജരാക്കിയത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ പരമാവധി വിലയിൽ അധികരിച്ച് 512 രൂപ നിരക്കിലാണ് കരാറുകാരന് നൽകുന്നതിനായി തുക കണക്കാക്കി FTO പ്രോസസ്സ് ചെയ്തിട്ടുള്ളത്.

3.10.2022ലെ മിഷൻ ഡയറക്ടറുടെ MGNREGA/94/2022-E2 നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ FTO കളുടെ പ്രാഥമിക അംഗീകാരം(First Signatory) നൽകേണ്ടത് അസിസ്റ്റന്റ് സെക്രട്ടറിയും രണ്ടാം അംഗീകാരം(Second Signatory) നൽകേണ്ടത് സെക്രട്ടറിയുമാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ മിഷൻ ഡയറക്ടറുടെ നിർദ്ദേശത്തിനു വിരുദ്ധമായി തുക നൽകാനിടയായാൽ ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ ബാധ്യതയായി നിർണ്ണയിക്കേണ്ടി വരുമെന്നതിനാൽ തയ്യാറാക്കിയ FTO കാൻസൽ ചെയ്ത് നിയമാനുസൃത നിരക്കിൽ തുക നൽകുന്നതിന് നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് മറുപടി നൽകിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.27/15.11.2024)

1-36 യൂണിവേഴ്സിറ്റി അഫിലിയേഷൻ -രേഖകൾ ലഭ്യമാക്കിയിട്ടില്ല- 2,49,975 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് 142/24 എസ് സി വിദ്യാർത്ഥികൾക്ക്

ലാപ് ടോപ്പ്

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

അടങ്കൽ -1027881

വികസന ഫണ്ട് (എസ് സി പി) -117881

ജില്ലാ പഞ്ചായത്ത് വിഹിതം -910000

ചെലവ്-534506

വികസന ഫണ്ട് (എസ് സി പി) -34556

ജില്ലാ പഞ്ചായത്ത് വിഹിതം-499950

വൗച്ചർ നമ്പർ- 42300976/15/2/24 -34556

42300975/15.2.24 -499950

എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് എന്ന പ്രൊജക്ട് പ്രകാരം,ജെം മുഖേന ബിഡിംഗ് ക്ഷണിച്ചതിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ കെ.എം ടെക്നോളജീസ്,കോട്ടയം എന്ന സ്ഥാപനത്തിന് 24 ലാപ് ടോപുകൾക്ക് ഓർഡർ നൽകുകയും ,(ഒരു യൂണിറ്റിന് 41662.5രൂപ നിരക്കിൽ)തൻ വർഷം 14ലാപ് ടോപുകൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തതായും ഫയൽ,രജിസിറ്റർ എന്നിവ പരിശോധിച്ചതിൽ കാണുന്നു. പ്രോജക്ട്

തൻ വർഷം പൂർത്തിയാകാതിരുന്നതിനാൽ, 24-25വർഷത്തേക്ക് സ്പിൽ ഓവർ ആയി നടപ്പാക്കുകയും ചെയ്യ. ആകെ ചെലവ് 9,99,900 (41662.5 X 24) (534506 -23-24 , 465394 -24-25)

സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ (കൈ) നം ,115/2022/തസ്വഭവ തീയതി .28.05.2022 ഖണ്ഡിക .7.2.7 പ്രകാരം ,സർക്കാർ/എയ്ഡഡ് / സ്വാശ്രയ സ്ഥാപനങ്ങളിലോ ,യൂണിവേഴ്സിറ്റി അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ ,പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമാണ് ലാപ് ടോപ്പ് നൽകാവുന്നത് . കോ ഓർഡിനേഷൻ കമ്മറ്റിയുടെ 8.3.2023 ലെ 4.6,4.7 തീരുമാനങ്ങളിലും പാരലൽ കോളേജ് വിദ്യാർത്ഥികൾക്ക് ലാപ്പോപ്പ് നൽകുവാൻ പാടില്ല എന്ന് നിർദ്ദേശം ഉണ്ട് . എന്നാൽ ചുവടെ ചേർക്കുന്ന വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനത്തിന്റെ അഫിലിയേഷൻ സംബന്ധിച്ച രേഖകൾ ഫയലിൽ ഇല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

	വിദ്യാർത്ഥിയുടെ പേര്	കോഴ്സ്	സ്ഥാപനം
1	ഗോപിക.വി.എം. വെള്ളാനി ഹൗസ്, ഒരുമനയൂർ	ഫാർമസി അസിസിറ്റന്റ്	റോയൽ കോളേജ് ഓഫ് മെഡിക്കൽ ടെക്നോളജി,പാവറട്ടി
2	വൈഷ്ണവ്.പി.എസ്.പടിയത്ത് ഹൗസ്,ഒരുമനയൂർ	ബി.കോം	സെന്റ് തോമസ് അക്കാദമി,തൃശ്ശൂർ,മത നികേതൻ,ബസിലിക്ക കമ്മ്യൂണിറ്റി സെന്റർ
3	ഗോകുൽ കൃഷ്ണ.കെ.ജി.,ക്രനം പുറത്ത് ഹൗസ്,മുത്തമ്മാവ്	ബി.കോം	മേഴ്സി കോളേജ് ഗുരുവായൂർ
4	അക്ഷയ് മണി.കെ.ക്രനം പുറത്ത് ഹൗസ്,ഒരുമനയൂർ	ബിബിഎ	കോ-ഓപ്പറേറ്റീവ് കോളേജ്, തൃശ്ശൂർ
5	അഭിജിത്.കെ.കെ.,കുട്ടോത്ത്ഹൗസ്,ഒരുമനയൂർ	ബി.കോം +CMA	പ്രൊഫിൻസ് കോളേജ് ,തൃശ്ശൂർ
6.	അജിൻ കൃഷ്ണ,പേശോത്ത് ഹൗസ്,സാബിൻ പാലസ്,ഒരുമനയൂർ	മെക്കാനിക്കൽ എഞ്ചിനീയറിംഗ്	ഭാരതി ടെക്നിക്കൽ എഞ്ചിനീയറിംഗ് കോളേജ്,ചെട്ടി പറമ്പ്,ഇരിങ്ങാലക്കുട

മേൽ സ്ഥാപനങ്ങളുടെ യൂണിവേഴ്സിറ്റി അഫിലിയേഷൻ സംബന്ധിച്ച രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/15.11.24) മറുപടിയായി ,യൂണിവേഴ്സിറ്റി അഫിലിയേഷൻ സംബ്ധന്ധിച്ച രേഖകൾ ,വിദ്യാർത്ഥികളിൽ നിന്ന് ലഭ്യമാക്കി ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. യൂണിവേഴ്സിറ്റി അഫിലിയേഷൻ സംബന്ധിച്ച രേഖകൾ ലഭ്യമാക്കുന്നതു വരെ ആറ് ലാപ് ടോപുകളുടെ വിലയായ 2,49,975 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു .

1-37 രശിതി/വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ രശീതി/ വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

ക്രമ നം	പ്രോജക്ട്	നിർവ്വഹണ ഏജൻസി	വൗച്ചർ നം/തിയതി	തുക
1	5/24 ഐ.കെ.എം. വിഹിതം നൽകൽ (വികസന ഫണ്ട് ജനറൽ)	എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ	42300847/27-10-23	35,000

2	172/24 ഐ.കെ.എം. മെമ്പർഷിപ് ഫീസ് (വികസന ഫണ്ട് ജനറൽ)	എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ	42300980/27.3.24	7,94,287
3	8/24 എസ് എസ് എ (ജനറൽ)	സമഗ്ര ശിക്ഷ കേരള, ബി.ആർ.സി. ചാവക്കാട്	42300830/8.8.23	50,000
4	10/24 എസ് എസ് എ(എസ് സി പി)	സമഗ്ര ശിക്ഷ കേരള, ബി.ആർ.സി. ചാവക്കാട്	42300849/31.10.23	50,000
5	102/24 പി എം എ വൈ ആവാസ് പ്ളസ് - പഞ്ചായത്ത് വിഹിതം ബ്ളോക്കിന് നൽകൽ(sc)	ബ്ളോക് പഞ്ചായത്ത് സെക്രട്ടറി, ചാവക്കാട്	42300827/1.8.23	70,000
	102/24 പി എം എ വൈ ആവാസ് പ്ളസ് - പഞ്ചായത്ത് വിഹിതം ബ്ളോക്കിന് നൽകൽ (Sc)	ബ്ളോക് പഞ്ചായത്ത് സെക്രട്ടറി, ചാവക്കാട്	42300880/18.12.23	70,000

രശിതി/വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി -14/15.11.24)

1-38 ഹരിത കർമ്മ സേനക്ക് ഇലക്ട്രിക് വാഹനം വാങ്ങൽ

നിർവഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട്	150/24- ഹരിത കർമ്മ സേനക്ക് ഇലക്ട്രിക് വാഹനം വാങ്ങൽ
അടങ്കൽ	4,85,000
ഫണ്ട്	CFC- 135000 ശുചിത്വ മിഷൻ ഫണ്ട് -3,50,000
ചെലവ്	3,49,924 (ശുചിത്വ മിഷൻ ഫണ്ട്)

വൗച്ചർ നം / തുക	42300725/30.3.24 3,49,924
വാഹനം ലഭ്യമാക്കുന്ന സ്ഥാപനം	കുറ്റിക്കാരൻ ഗ്രീൻ പ്രൈവറ്റ് ലിമിറ്റഡ് ,തൃശ്ശൂർ
പ്രഫോർമ ഇൻവോയ്സ് നം.	KGPL/GP/TCR/6.1/019/25.1.24

